www.malankaralibrary.com

# സാന്ത്വനം
## വോയ്സ്

വാല്യം : 9
ലക്കം : 6
2021
സെപ്റ്റംബർ – ഒക്ടോബർ



ജപമാല തിരുനാളിന്റെ
പ്രാർത്ഥനാശംസകൾ

www.malankaralibrary.com



2021 ആഗസ്റ്റ് 14-ാം തീയതി പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ വി.മൂറോൻ കൂദാശ ചെയ്യപ്പെട്ട ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ തീർത്ഥാടന ദൈവാലയം



2021 ആഗസ്റ്റ് 12-ാം തീയതി പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ കൂദാശ ചെയ്യപ്പെട്ട വാഴമുട്ടം മാർ ബഹനാൻസ് മലങ്കര കത്തോലിക്കാ ദൈവാലയം

www.malankaralibrary.com



# സാന്തോം
## വോയ്സ്

മലങ്കര സുറിയാനി കത്തോലിക്കാ സഭ
പത്തനംതിട്ട രൂപത ബുള്ളറ്റിൻ

2021
സെപ്റ്റംബർ - ഒക്ടോബർ
വാല്യം : 9, ലക്കം : 6

Published By :

Chancellor :
Rev.Dr.Joshy Vazhappillethu

**Eparchy of Pathanamthitta**

Email :
santhomptabulletin@gmail.com

ഉള്ളടക്കം

1. സർക്കുലർ...................... 03
2. സർക്കുലർ...................... 12
3. സർക്കുലർ...................... 21
4. രൂപതാവാർത്തകൾ............ 25
5. സോഷ്യൽ സർവ്വീസ്........... 26
6. എം. സി. വൈ. എം............. 30
7. എം. സി. എ...................... 35
8. വിശ്വാസധാര.................... 40
9. വിൻസെന്റ് ഡി പോൾ........ 42
10. ട്രൈബ്യൂണൽ വാർത്ത...... 43
11. കുടുംബപ്രേഷിത............ 43

www.malankaralibrary.com

ഒക്ടോബർ 10



# മലങ്കരയുടെ സൂര്യതേജസ്

## ബനഡിക്ട് മാർ ഗ്രിഗോറിയോസ്
## മെത്രാപ്പോലീത്തായുടെ

27-ാം അനുസ്മരണദിനം

www.malankaralibrary.com



Ref: 3574/KCBC/K-35/OL/DS 18.09.2021

# ലോകമിഷൻ ഞായർ 2021

## ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

'

*'ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിനെ സംബന്ധിച്ച് നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (അപ്പ. 4:20)*

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവത്തിനുള്ള സ്നേഹത്തിന്റെ ശക്തി നാം അനുഭവിക്കുകയും നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ ഒരു പിതാവ് എന്ന നിലയിൽ അവിടത്തെ സാന്നിധ്യം തിരിച്ചറിയുകയും ചെയ്യുമ്പോൾ നമ്മൾ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി പ്രഘോഷിക്കുകയും പങ്കുവയ്ക്കുകയും ചെയ്യാതിരിക്കാൻ നമുക്കു സാധ്യമല്ല. യേശുവിന് അവിടത്തെ ശിഷ്യരുമായിട്ടുള്ള ബന്ധം, മനുഷ്യാവതാര രഹസ്യത്തിലും അവിടത്തെ സുവിശേഷത്തിലും പെസഹായിലും വെളിപ്പെടുത്തിയ അവിടത്തെ മനുഷ്യത്വം, മനുഷ്യവർഗത്തെ ദൈവം എത്രമാത്രം സ്നേഹിക്കുന്നുവെന്നും നമ്മുടെ സന്തോഷങ്ങളും സഹനങ്ങളും നമ്മുടെ ആഗ്രഹങ്ങളും ഉത്കണ്ഠകളും അവിടന്ന് തന്റേതാക്കുന്നുവെന്നും കാണിച്ചുതരുന്നു (2-ാം വത്തിക്കാൻ കൗൺസിൽ, *ഗാവുദിയും ഏത്ത് സ്പെസ്*, 22). ക്രിസ്തുവിലുള്ള സർവകാര്യങ്ങളും നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു; നമ്മൾ ജീവിക്കുന്ന ലോകവും വീണ്ടെടുക്കപ്പെടുകയെന്ന അതിന്റെ ആവശ്യവും അവിടത്തേക്ക് അപരിചിതമല്ല. അത് അവിടത്തെ മിഷനിൽ സജീവഭാഗഭാഗിത്വം വഹിക്കാൻ നമ്മെ ക്ഷണിക്കുന്നു: "നിങ്ങൾ വഴി

www.malankaralibrary.com



ക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം ക്ഷണിക്കുക" (മത്താ 22:9). ആരും അന്യനല്ല. ഒരുവനും അന്യനായിട്ടോ സഹാനുഭൂതിയുടെ ഈ സ്നേഹത്തിൽ നിന്ന് വിദൂരത്തായിട്ടോ തോന്നാനാവുകയില്ല.

**അപ്പസ്തോലന്മാരുടെ അനുഭവം**

ഓരോ വ്യക്തിയെയും വിളിക്കുകയും അയാൾ എവിടെയായാലും അയാളുമായി ഒരു സൗഹൃദസംവാദം നടത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കർത്താവിനെ വികാരാവേശത്തോടെ അന്വേഷിച്ചുകൊണ്ടാണ് സുവിശേഷവത്കരണത്തിന്റെ ചരിത്രം തുടങ്ങുന്നത് (cf. യോഹ 15:12-17). അപ്പസ്തോലന്മാരാണ് ഇക്കാര്യം ആദ്യമായി നമ്മോടു പറയുന്നത്. അവർ അവിടത്തെ സമീപിച്ച ദിവസവും സമയവും പോലും ഓർമ്മിച്ചുകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു. "അപ്പോൾ ഉച്ചകഴിഞ്ഞ് ഏകദേശം പത്താം മണിക്കൂർ ആയിരുന്നു" (യോഹ 1, 39). രോഗികളെ ശുശ്രൂഷിക്കുകയും പാപികളോടുകൂടി ഭക്ഷിക്കുകയും ദരിദ്രരെ തീറ്റിപ്പോറ്റുകയും ഭ്രഷ്ടരാക്കപ്പെട്ടവരെ സമീപിക്കുകയും അശുദ്ധിയുള്ളവരെ സ്പർശിക്കുകയും ആവശ്യത്തിൽപ്പെട്ടവരുമായി സ്വയം താദാത്മ്യപ്പെടുത്തുകയും, സൗഭാഗ്യങ്ങളിലേക്കു ക്ഷണിക്കുകയും പുതിയ രീതിയിലും പൂർണമായ അധികാരത്തോടുകൂടിയും പഠിപ്പിക്കുകയും ചെയ്ത കർത്താവുമായുള്ള സൗഹൃദബന്ധം മായ്ക്കാനാവാത്ത മുദ്ര പതിപ്പിക്കുന്നു. അതാകട്ടെ, അളവറ്റ വിസ്മയത്തെയും വ്യാപകവും സ്വതന്ത്രവുമായ സന്തോഷത്തെയും ഉദ്ദീപിപ്പിക്കാൻ കഴിവുള്ളതാണ്. ജറമിയാ പ്രവാചകൻ പറഞ്ഞതുപോലെ ഈ അനുഭവം നമ്മെ മിഷനിലേക്കു തള്ളിവിടുന്നതും നമ്മുടെ ഹൃദയത്തിലുള്ളതുമായ അവിടത്തെ സജീവ സാന്നിധ്യത്തിന്റെ ജ്വലിക്കുന്ന അഗ്നിയാണ്, അത് ചിലപ്പോൾ ത്യാഗങ്ങൾ ആവശ്യപ്പെടുന്നതും തെറ്റിധാരണകൾക്ക് ഇടയാക്കുന്നതുമാണെങ്കിലും (cf. യോഹ 20:7-9).

www.malankaralibrary.com



സ്നേഹം എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നു; ഏറ്റവും സുന്ദരവും പ്രത്യാശാപൂർണവുമായ പ്രഘോഷണത്തിലേക്കു നീങ്ങാൻ നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. “ഞങ്ങൾ മിശിഹായെ കണ്ടു” (യോഹ 1:41) എന്നതാണ് ആ പ്രഘോഷണം.

യേശുവിനോടുകൂടി വ്യത്യസ്തങ്ങളായ കാര്യങ്ങളെ നാം കാണുകയും കേൾക്കുകയും തൊടുകയും ചെയ്തു. അവിടന്ന് ഭാവികാലങ്ങളെ ഇന്ന് ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. നമ്മുടെ മനുഷ്യപ്രകൃതിയുടെ സത്താപരമായ ഒരു സവിശേഷതയെ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അതാകട്ടെ പലപ്പോഴും വിസ്മരിക്കപ്പെട്ടതാണ്: “സ്നേഹത്തിൽ മാത്രം നേടാൻ കഴിയുന്ന പൂർണതയ്ക്കുവേണ്ടിയാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടത്” (ചാക്രികലേഖനം, എല്ലാവരും സഹോദരങ്ങൾ, 68). പ്രാരംഭങ്ങൾക്ക് പ്രചോദനം നല്കാനും സമൂഹങ്ങളെ രൂപപ്പെടുത്താനും കഴിവുള്ള ഒരു വിശ്വാസത്തെ പ്രചോദിപ്പിക്കുന്ന പുതിയകാലം സ്വന്തം ദൗർബല്യത്തെയും മറ്റുള്ളവരെയും കൈകാര്യം ചെയ്യാൻ പഠിക്കുന്ന സ്ത്രീപുരുഷന്മാരെക്കൊണ്ടാണ് തുടങ്ങുന്നത്. അവർ സാഹോദര്യവും സാമൂഹിക സൗഹൃദവും വളർത്തുന്നവരാണ് (cf. ibid. 67). ആദ്യം കർത്താവു നമ്മെ സ്നേഹിച്ചുവെന്നു നന്ദിയോടെ ഓർമ്മിക്കുന്ന ഓരോ സമയത്തും സഭാത്മക സമൂഹം അതിന്റെ സൗന്ദര്യം പ്രദർശിപ്പിക്കുന്നു (cf. 1 യോഹ 4:19). “കർത്താവിന്റെ സ്നേഹപൂർണമായ പ്രത്യേക താത്പര്യം നമ്മെ വിസ്മയിപ്പിക്കുന്നു. അതു സ്വന്തമാക്കാനോ അടിച്ചേല്പിക്കാനോ നമുക്കു സാധ്യമല്ല...ഈ രീതിയിൽ മാത്രമേ ഔദാര്യത്തിന്റെ സ്വതന്ത്രമായ ആത്മദാനത്തിന്റെ അദ്ഭുതകൃത്യം വർധിക്കുകയുള്ളൂ. മിഷണറി തീക്ഷ്ണതപോലും ചിന്തിക്കലിന്റെയും കണക്കുകൂട്ടലിന്റെയും ഫലമായി ഒരിക്കലും നേടാനാവുകയില്ല. പരസ്പരം “മിഷന്റെ അവസ്ഥയിൽ” പ്രതിഷ്ഠിക്കുകയെന്നത് കൃതജ്ഞതയുടെ

www.malankaralibrary.com



ഒരു വിചിന്തനമാണ്" (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, 21 മേയ് 2020). എന്നിരുന്നാലും കാലനിർണയം എളുപ്പമായിരുന്നില്ല. ആദിമ ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം ശത്രുതയുള്ളതും കഠിനവുമായ സാഹചര്യത്തിലാണ് തുടങ്ങിയത്. അരികുകളിലാക്കലിന്റെയും തടവിലാക്കലിന്റെയും കഥകൾ ആന്തരികവും ബാഹ്യവുമായ എതിർപ്പുമായി കൂട്ടിച്ചേർത്തിരുന്നു. അവ കാണുകയും കേൾക്കുകയും ചെയ്തതിനു അത് എതിരായി തോന്നി, നിഷേധിക്കലായിട്ടുപോലും തോന്നി. എന്നാൽ ഇത് പിന്നോട്ടു മാറാനോ അടച്ചുപൂട്ടിയിരിക്കാനോ പ്രേരിപ്പിക്കുന്ന പ്രയാസമോ തടസ്സമോ ആയിത്തീർന്നില്ല. പകരം, ഓരോ അസൗകര്യത്തെയും എതിർപ്പിനെയും പ്രയാസത്തെയും മിഷനുവേണ്ടിയുള്ള അവസരമാക്കി. പരിധികളും തടസ്സങ്ങളും കർത്താവിന്റെ പരിശുദ്ധാത്മാവിനെക്കൊണ്ട് എല്ലാറ്റിനെയും എല്ലാവരെയും മയപ്പെടുത്താനുള്ള അനുയോജ്യമായ അവസരങ്ങളായിത്തീർന്നു. വിമോചനം നല്കുന്ന പ്രഘോഷണത്തോട് ബന്ധപ്പെടാതെ നിലകൊള്ളാൻ യാതൊന്നിനും, ഒരു വ്യക്തിക്കും, സാധിച്ചില്ല.

അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ ഇതിന്റെയെല്ലാം സജീവസാക്ഷ്യമുണ്ട്. മിഷണറിമാരായ ശിഷ്യന്മാർ എപ്പോഴും കൈയിൽ വച്ചുകൊണ്ടു നടക്കുന്ന ഒരു ഗ്രന്ഥമാണത്. സുവിശേഷത്തിന്റെ സുഗന്ധം അതു കടന്നുപോകുന്നിടത്ത്, പരിശുദ്ധാത്മാവിനു മാത്രം തരാൻ കഴിയുന്ന സന്തോഷത്തെ പ്രചോദിപ്പിച്ചുകൊണ്ട് എങ്ങനെ വ്യാപിച്ചുവെന്നും പറയുന്ന ഗ്രന്ഥമാണത്. അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകം ക്രിസ്തുവിനോട് ഒട്ടിച്ചേർന്നുകൊണ്ട് പരീക്ഷകളിൽ ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്നു. "ഏതു സാഹചര്യത്തിലും, പരാജയങ്ങൾ എന്നു തോന്നിക്കുന്നവയുടെ മധ്യത്തിൽപോലും, ദൈവത്തിനു പ്രവർത്തിക്കാൻ കഴിയുമെന്ന അവബോധം പക്വത പ്രാപി

www.malankaralibrary.com



ക്കാൻ സഹായിക്കുന്നു. സ്നേഹത്തിനുവേണ്ടി സ്വയം സമർപ്പിക്കുകയും നല്കുകയും ചെയ്യുന്നവർ തീർച്ചയായും ഫലപൂർണരായിരിക്കും" എന്ന് ഉറപ്പുണ്ട് (cf. യോഹ 15:5) (ആഹ്വാനം സുവിശേഷത്തിന്റെ സന്തോഷം, 279).

നമ്മൾ അധൈര്യപ്പെടലും താഴ്ത്തപ്പെടലും ക്ഷീണവും അനുഭവിച്ചു. പ്രത്യാശയെ എടുത്തുകളയുന്ന സമാനമായ കയ്പുപോലും നമ്മുടെ കണ്ണുകളെ മൂടി. എന്നാലും ഞങ്ങൾ ഉദ്ഘോഷിക്കുന്നത് "ഞങ്ങളെക്കുറിച്ചല്ല പ്രത്യുത, യേശുക്രിസതുവിനെ കർത്താവായും യേശുവിനുവേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസന്മാരായും ആണ്" (2 കോറി 4:5). ഇതുകൊണ്ടാണ് "അവൻ ഇവിടെയില്ല, അവൻ ഉത്ഥാനം ചെയ്തു" (ലൂക്കാ 24:6) എന്നു നമ്മോടു പറഞ്ഞുകൊണ്ട് ജീവന്റെ വചനം നമ്മുടെ സമൂഹങ്ങളിലും കുടുംബങ്ങളിലും വീണ്ടും മുഴങ്ങുന്നതായും  നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നതായും നാം കേൾക്കുന്നത്. എല്ലാ  നിയതിവാദത്തെയും തകർക്കുന്ന പ്രത്യാശയുടെ വചനമാണത്. സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവർക്ക് ഉറച്ചു നിന്ന് സജീവമായ സഹാനുഭൂതിയുടെ സാധ്യമായ സകല മാർഗങ്ങളും സർഗാത്മകമായി അന്വേഷിക്കാൻ അത്യാവശ്യമായ സ്വാതന്ത്ര്യവും ധീരതയും അതു നല്കുന്നു. ആരെയും വഴിയരുകിൽ ഉപേക്ഷിക്കാത്ത, ദൈവത്തിന്റെ നമ്മോടുള്ള സാമിപ്യത്തിന്റെ 'കൗദാശികത' ആണത്.

സാംക്രമിക രോഗത്തിന്റെ ഇക്കാലത്ത് ആരോഗ്യകരമായ സാമൂഹിക അകലത്തിന്റെ പേരിൽ ഉദാസീനതയെയും വികാരശൂന്യതയെയും പൊതിഞ്ഞുപിടിക്കാനും നീതിമത്കരിക്കാനുമുള്ള പ്രലോഭനം നേരിടുന്നു. അതുകൊണ്ട്, അത്യാവശ്യമായ അകല്ചയെ കണ്ടുമുട്ടാനും ശുശ്രൂഷിക്കാനും വളർത്താനുമുള്ള ഒരു സ്ഥാനമാക്കിത്തീർക്കുകയെന്നത് അടിയന്തരാവശ്യമാണ്. "ഞങ്ങൾ കാണുകയും

www.malankaralibrary.com



കേൾക്കുകയും ചെയ്തത്" (അപ്പ 4:20) നമ്മോടു പുലർത്തപ്പെട്ട കാരുണ്യമാണ്. "സമയവും സമർപ്പണവും വിഭവങ്ങളും നല്കി പരിപോഷിപ്പിക്കേണ്ട ഐക്യദാർഢ്യവും യോജിപ്പും ഉള്ള ഒരു സമൂഹം" (ചാക്രികലേഖനം എല്ലാവരും സഹോദരങ്ങൾ, 36) സൃഷ്ടിക്കാൻ ആവശ്യമായ സംഘാതാവേശം വീണ്ടെടുക്കാൻ നമ്മെ അനുവദിക്കുന്ന ഒരു പരാമർശകേന്ദ്രവും വിശ്വസനീയതയുടെ മാനദണ്ഡവുമായി പരിണമിച്ചിരിക്കുന്നതാണ് ആ കാരുണ്യം.

നമ്മെ അനുദിനം വീണ്ടെടുക്കുന്നതും "എല്ലാം അങ്ങനെ തന്നെ; ഒന്നും മാറാൻ പോകുന്നില്ല" എന്നു പറയുന്ന ഭീരുത്വം നിറഞ്ഞ സംശയവാദത്തിൽ നമ്മെ അടച്ചിടുന്ന ഒഴികഴിവുകളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതും അവിടത്തെ വചനമാണ്. ഒരു ചോദ്യം നാം നേരിടുന്നുണ്ട്: സുപ്രധാനമായ അനന്തര ഫലമൊന്നും കാണാൻ കഴിയുന്നില്ലെങ്കിൽ എന്റെ സുരക്ഷിതത്വവും, ആശ്വാസവും സുഖങ്ങളും ഞാൻ എന്തിന് ഉപേക്ഷിക്കണം? എന്നതാണ് ആ ചോദ്യം. അതിനുള്ള ഉത്തരം എപ്പോഴും ഒന്നുതന്നെ."യേശുക്രിസ്തു പാപത്തെയും മരണത്തെയും കീഴടക്കി, അവിടന്നു ശക്തിപൂർണനാണ്" അവിടന്ന് സത്യമായും ജീവിക്കുന്നു (cf. സുവിശേഷത്തിന്റെ സന്തോഷം, 275). സജീവരായി സാഹോദര്യത്തോടെ ഈ പ്രത്യാശ സൂക്ഷിക്കാനും പങ്കുവയ്ക്കാനും ഇത് നമ്മോട് ആവശ്യപ്പെടുന്നു. ഇന്നത്തെ സാഹചര്യത്തിൽ, ഒരുവനും കർത്താവിനാൽ തന്നെത്തന്നെ രക്ഷിക്കുന്നില്ലെന്ന് പ്രവചനപരമായി ഓർമ്മിക്കാൻ കഴിവുള്ള, കർത്താവിനാൽ അഭിഷിക്തരായ പ്രത്യാശയുടെ മിഷണറിമാരുടെ അടിയന്തരമായ ആവശ്യമുണ്ട്.

അപ്പസ്തോലന്മാരെയും ആദിമ ക്രിസ്താനികളെയും പോലെ നമ്മളും നമ്മുടെ സർവശക്തിയോടുംകൂടി പറയുന്നു: "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവയെപ്പറ്റി നിശ്ശബ്ദരായിരിക്കാൻ

www.malankaralibrary.com



ഞങ്ങൾക്കു സാധിക്കുകയില്ല" (അപ്പ 4:20). നാം സ്വീകരിച്ചിട്ടുള്ള തെല്ലാം കർത്താവ് ക്രമേണ നമ്മുടെമേൽ വർഷിച്ചിട്ടുള്ളതാണ്. നാം അവ സൂക്ഷിച്ചുവയ്ക്കുകയും വിലവാങ്ങാതെ മറ്റുള്ളവർക്കു നല്കുകയും ചെയ്യുന്നു. യേശു നല്കുന്ന രക്ഷയെ കാണുകയും ശ്രദ്ധിച്ചു കേൾക്കുകയും സ്പർശിക്കുകയും ചെയ്ത അപ്പസ്തോലന്മാരെപ്പോലെ (cf. 1 യോഹ 1:1-4) ഇന്ന് നമുക്ക് അനുദിനജീവിതത്തിന്റെ ചരിത്രത്തിൽ ക്രിസ്തുവിന്റെ സഹനത്തെയും മഹത്ത്വപൂർണമായ ശരീരത്തെയും സ്പർശിക്കാൻ കഴിയും. ഓരോ വ്യക്തിക്കും പ്രത്യാശയും എങ്ങനെ കർത്താവിന്റെ കൂടെ ആയിരിക്കണമെന്ന് അറിയുന്നതിൽ നിന്ന് ഉയരുന്ന സംശയരഹിതമായ വിവരവും പങ്കുവച്ചു കൊടുക്കാനുള്ള ധീരതയും കണ്ടെത്താൻ കഴിയും. ക്രിസ്ത്യാനികളെന്ന നിലയിൽ നമുക്കു മാത്രമായി കർത്താവിനെ സൂക്ഷിക്കാൻ സാധ്യമല്ല. ലോകത്തെ രൂപാന്തരപ്പെടുത്തലിലും സൃഷ്ടിയുടെ സംരക്ഷിക്കലിലും സഭയുടെ സുവിശേഷവത്കരണ മിഷൻ അതിന്റെ സമഗ്രവും പരസ്യവുമായ മൂല്യത്തെ പ്രകാശിപ്പിക്കുന്നു.

**നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണം**

ഈ വർഷത്തെ ലോകമിഷൻദിനത്തിന്റെ പ്രമേയം "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല" (അപ്പ 4:20). ഇത് നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണമാണ് - നമ്മൾ ഹൃദയത്തിൽ വഹിക്കുന്നതെന്തോ അതിന്റെ "ഉത്തരവാദിത്വം വഹിക്കാനും" അത് സുപ്രസിദ്ധമാക്കാനുമുള്ള ക്ഷണമാണ്. ഈ ദൗത്യം എന്നും സഭയുടെ തനിമയാണ്. എന്നും അങ്ങനെയായിരുന്നുതാനും. "അത് സുവിശേഷവത്കരിക്കാൻ വേണ്ടി നിലനില്ക്കുന്നു" (വിശുദ്ധ പോൾ 6-ാമൻ. ആഹ്വാ

www.malankaralibrary.com



നം, പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം, 14). നമ്മുടെ വിശ്വാസജീവിതം വ്യക്തിപരമായ ഏകാന്തതയിൽ കഴിയുന്നതുകൊണ്ടോ ചെറിയ ഗ്രൂപ്പുകളിൽ അടച്ചുപൂട്ടിക്കഴിയുന്നതുകൊണ്ടോ ദുർബലമാകുന്നു. പ്രവാചകത്വവും വിസ്മയിക്കാനും കൃതജ്ഞത പ്രകാശിപ്പിക്കാനുമുള്ള ശക്തിയും നഷ്ടപ്പെടുകയും ചെയ്യുന്നു. ഓരോ വ്യക്തിയിലേക്കും എത്തിച്ചേരുകയും ആശ്ലേഷിക്കുകയും ചെയ്യാൻ കഴിവുള്ള വർധമാനമായ തുറവി അത് അതിന്റെ ചലനശക്തികൊണ്ടുതന്നെ ആവശ്യപ്പെടുന്നുണ്ട്.

അനുഗ്രഹത്തിനുവേണ്ടി ഏറെ മനുഷ്യർ ദാഹിക്കുന്ന ജനതകളുടെ കോണുകളിലേക്കും നഗരങ്ങളിലേക്കും താമസവും ഭയവും കൂടാതെ സുവിശേഷം എത്തിച്ചേരാൻവേണ്ടി ജന്മനാടും കുടുംബവും ഉപേക്ഷിച്ച് യാത്ര ചെയ്യാൻ കഴിഞ്ഞവരെ നമുക്കു സവിശേഷമായി ഓർമ്മിക്കാം.

അവരുടെ മിഷണറി സാക്ഷ്യത്തെപ്പറ്റിയുള്ള ധ്യാനം ധീരതത്തീരാനും കഴിയുന്ന വിധത്തിൽ ദൈവവിളി യഥാർത്ഥ പ്രണയകഥപോലെ ജീവിക്കാൻ കഴിവുള്ള ഹൃദയങ്ങളെ യേശുവിന് ഇന്ന് ആവശ്യമുണ്ട്. അവിടന്ന് ഈ വിളി എല്ലാവരോടും നടത്തുന്നുണ്ട്-ഒരേ വിധത്തിലല്ലെങ്കിലും. നമ്മുടെയടുത്ത്, നഗരകേന്ദ്രത്തിൽ അല്ലെങ്കിൽ നിങ്ങളുടെ കുടുംബത്തിൽ, പ്രാന്തപ്രദേശങ്ങളുണ്ടെന്ന കാര്യം ഓർമ്മിക്കണം. സ്നേഹത്തിന് സാർവത്രിക തുറവിയുടെ ഒരു വശംകൂടിയുണ്ട്. അത് ഭൂമിശാസ്ത്രപരമല്ല, പിന്നെയോ അസ്തിത്വപരമാണ്. എല്ലായ്പ്പോഴും, പ്രത്യേകിച്ച് സാംക്രമികരോഗത്തിന്റെ ഇക്കാലത്ത് നമ്മുടെ വലയത്തെ വിപുലീകരിക്കാൻ അനുദിന കഴിവ് വർധിപ്പിക്കുക എന്നത് സുപ്രധാനമാണ്. നമ്മുടെ അടുത്തുള്ളവരാണെങ്കിലും “എന്റെ താത്പര്യങ്ങളുടെ ലോകത്തിന്റെ” ഭാഗമാണെന്ന് സ്വാഭാവികമായി തോന്നാത്തവരിലേക്ക് എത്തിച്ചേരാനാണത് (cf. ചാക്രികലേഖനം, എല്ലാവരും

www.malankaralibrary.com



സഹോദരർ, 97). മിഷൻ ജീവിക്കുകയെന്നത് യേശുക്രിസ്തുവിനുള്ള അതേ വികാരം വളർത്താൻ പരിശ്രമിക്കുകയും എന്റെ അടുത്തുള്ള വർ എന്റെ സഹോദരനും സഹോദരിയും ആണെന്ന് അവിടത്തെ പ്പോലെ വിശ്വസിക്കുകയും ചെയ്യുകയെന്നതാണ്. നമ്മുടെ ഹൃദയ ങ്ങളെ അവിടത്തെ സഹതാപത്തിന്റെ സ്നേഹം ഉണർത്തുകയും നമ്മെ എല്ലാവരെയും മിഷനറി ശിഷ്യന്മാർ ആക്കുകയും ചെയ്യട്ടെ!

ആദ്യത്തെ മിഷ്യനറി ശിഷ്യയായ കന്യകാമറിയം മാമ്മോദീസാ മുങ്ങിയ എല്ലാവരിലും, നമ്മുടെ പ്രദേശങ്ങളിലെ ഉപ്പും പ്രകാശവു മായിരിക്കാനുള്ള ആഗ്രഹം വളർത്തട്ടെ (cf മത്താ 5:13-14).

റോം, വി.ജോൺ ലാറ്ററൻ, 6 ജനുവരി 2021
കർത്താവിന്റെ എപ്പിഫനിത്തിരുനാൾ
ഫ്രാൻസിസ് പാപ്പാ.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

www.malankaralibrary.com



## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# യുവജനദിന സന്ദേശം-2021

### യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ സന്ദേശം

പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, എന്റെ പ്രിയ യുവജന സുഹൃത്തുക്കളെ,

"ഞാൻ നിങ്ങളെ രക്ഷിച്ച് അനുഗ്രഹമാക്കും. ഭയപ്പെടേണ്ട, കരുത്താർജ്ജിക്കുവിൻ" (സഖ 8:13)

**യുവജനങ്ങൾ ദൗത്യവുമായി**

എല്ലാ വർഷവും വി. ഫ്രാൻസിസ് അസീസിയുടെ തിരുനാളിനോട് ചേർന്നുള്ള ഞായറാഴ്ച, നാം മാറ്റിവയ്ക്കുന്നത് സഭയുടെയും സമൂഹത്തിന്റെയും പ്രതീക്ഷയായ യുവജനങ്ങളിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കാനാണ്. നമ്മുടെ സഭയിലെ യുവജനങ്ങൾക്കായി സമർപ്പിച്ചിരിക്കുന്ന ദിനം ഈ വർഷം ഒക്ടോബർ മാസം 3-ാം തീയതിയാണ്. ഓരോ ഇടവകയും വിശുദ്ധ കുർബാനയും അനുയോജ്യമായ ആത്മീയ പരിപാടികളുമായി ഈ ദിനം ആഘോഷിക്കണം; കാരണം, യുവജനങ്ങളെല്ലാം, ആരെയും ഒഴിവാക്കാതെ, ദൈവത്തിന്റെ ഹൃദയത്തിലും അങ്ങനെ സഭയുടെ ഹൃദയത്തിലുമാണ്. ഈ വർഷത്തെ യുവജന

www.malankaralibrary.com



ദിനവുമായി ബന്ധപ്പെട്ട്, മഹാമാരിയെതുടർന്നുള്ള കാലഘട്ടത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കാനായി മൂന്ന് മേഖലകളാണ് ഞാൻ മുന്നോട്ട് വയ്ക്കുന്നത്, വിശ്വാസജീവിതം, ആരോഗ്യം, പരിസ്ഥിതി.

## i. വിശ്വാസജീവിതം

മഹാമാരിയുടെ വ്യാപനം നമ്മുടെ വിശ്വാസ ജീവിതത്തിന്റെ ആഴം പരീക്ഷിക്കുന്ന സമയമായിരുന്നു. ഇത് നമ്മിൽ അനേകരെ ചില അടിസ്ഥാന ചോദ്യങ്ങളുയർത്തി ആശയക്കുഴപ്പത്തിലാക്കി. എന്തൊക്കെ സംഭവിച്ചാലും ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നും ആത്യന്തികമായി നന്മ മാത്രമേ നമ്മുടെ ജീവിതത്തിൽ വരുത്തകയുള്ളൂയെന്നും നമ്മുടെ വിശ്വാസം നമുക്ക് ഇത് ഉറപ്പ് തരുന്നു. ദൈവഹിതത്തിനെതിരായി ഒന്നും തന്നെ നമ്മുടെ ജീവിതത്തിൽ സംഭവിക്കുകയുമില്ല. “ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ” (റോമ 8:28). ദൈവത്തിന്റെ നിഗൂഢമായ പദ്ധതികളെ ഗ്രഹിക്കാനുള്ള എല്ലാ ജ്ഞാനവും നമുക്ക് ഉണ്ടാകണമെന്നില്ല, എന്നാൽ നമുക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം നൽകുവാൻ (1 പത്രോസ് 3:15) നാം ഒരുങ്ങിയിരിക്കണം. ദൈവപരിപാലനയുടെ പദ്ധതിയിൽ നമുക്ക് വിശ്വാസമർപ്പിക്കാം. ദൈവമാണ് ഈ വിപത്ത് അനുവദിച്ചതെങ്കിൽ; കർത്താവ് തന്നെ അതിൽ നിന്നുള്ള ഉപരിനന്മ പുറപ്പെടുവിക്കും. സർവനാശം വിതച്ച മഹാപ്രളയാനന്തരം നോഹയും കുടുംബവും പുതിയൊരു ജീവിതം ആരംഭിച്ചതുപോലെ, ഒരു നവജീവിതം ആസൂത്രണം ചെയ്യാനും ദൈവത്തോടും സഹമനുഷ്യരോടും പ്രകൃതിയോടും ബന്ധപ്പെടാൻ നവമായ ഒരു രീതി കണ്ടെത്താനുമുള്ള അവസരമായി ഈ മഹാമാരിയെ നമുക്ക് നോക്കി കാണാം. വിശ്വാസികളെ സംബന്ധിച്ച്, വ്യക്തിമാഹാത്മ്യ സംസ്ക്കാരം,

www.malankaralibrary.com



ആർത്തി സംസ്ക്കാരം, ഉപഭോഗ സംസ്ക്കാരം, സുഖഭോഗ സംസ്ക്കാരം, അധികാരഭ്രമം മുതലായവയും വിദ്വേഷത്തിന്റെ എല്ലാ മനോഭാവങ്ങളും ഉപേക്ഷിക്കാനുള്ള അവസരമാണിത്.

ഈ അടുത്ത കാലങ്ങളിലായി, ക്രിസ്തീയ നേതാക്കന്മാർക്കും കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾക്കുമെതിരെ നിക്ഷിപ്ത താല്പര്യങ്ങളും അജണ്ടകളുമുള്ള ചില വ്യക്തികൾ തൊടുത്തുവിടുന്ന ആക്രമണങ്ങളുടെ വർദ്ധനവിന് നാം സാക്ഷ്യം വഹിക്കുകയാണ്. അതിലുപരിയായി, യുവജനങ്ങളുടെ മനസ്സിൽ സംശയമുളവാക്കുന്ന ധാരാളം തെറ്റായതും വിപരീതവുമായ ക്രിസ്തീയ പഠനങ്ങൾ പൊതുധാരാ മാധ്യമങ്ങളിലും സാമൂഹിക മാധ്യമങ്ങളിലും പ്രചരിക്കുന്നുണ്ട്. ആയതിനാൽ നാം ജാഗ്രതയുള്ളവരായി നമ്മുടെ വിശ്വാസം ആഴപ്പെടുത്തുകയും തീവ്രമാർഗത്തിലേയ്ക്കോ വിദ്വേഷ പ്രതികരണത്തിലേയ്ക്കോ തിരിയാതെ അവയെ പ്രതിരോധിക്കാൻ പഠിക്കുകയും വേണം.

**ii. ആരോഗ്യം**

കോവിഡ്-19 സാഹചര്യം ഒരു പ്രധാന ആഗോള ആരോഗ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. ഇത് യുവജനങ്ങളുടെ ജീവിതത്തിൽ പൂർവികതയില്ലാത്ത മാറ്റങ്ങൾ കൊണ്ടുവന്നിരിക്കുന്നു. ജീവന്റെ ദുർബലതയും ആരോഗ്യത്തിന്റെ പ്രാധാന്യവും ആളുകൾ ആഴത്തിൽ അനുഭവിക്കുന്നു. കൃത്യമായ വ്യായാമം, മതിയായ ഉറക്കം, സമീകൃത പോഷകാഹാരം, പോഷകഗുണില്ലാത്ത ഭക്ഷണം ഉപേക്ഷിക്കൽ എന്നിവയിലൂടെ നമ്മുടെ ശാരീരിക ആരോഗ്യം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി, കൃതജ്ഞതാപൂർവം, നാം തിരിച്ചറിഞ്ഞു. നമ്മുടെ ശരീരങ്ങൾ "പരിശുദ്ധാത്മാവിന്റെ ആലയങ്ങൾ" (1 കോറി 6:19) ആണെന്ന് ക്രിസ്ത്യാനികൾ എന്ന നിലയിൽ നമുക്കറിയാവുന്നതാണ്.

www.malankaralibrary.com



അച്ചടി മാധ്യമവും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളും ഒരുപോലെ റിപ്പോർട്ടു ചെയ്യുന്നത് കോവിഡ്-19 മഹാമാരിയുടെ പരിണിതഫല മായി ഉത്കണ്ഠ, ഭയം, ഉറക്കമില്ലായ്മ, വിഷാദം, മാനസിക ആഘാത ഫലമായ വൈകല്യങ്ങൾ, ആത്മഹത്യാ പ്രവണത തുടങ്ങിയ മാന സികാരോഗ്യ പ്രശ്നങ്ങൾ ഉടലെടുക്കുന്നു എന്നാണ്. മനുഷ്യന്റെ ശാരീ രിക (സാമൂഹിക) അകലം പാലിക്കലാണ് ഇതിന്റെ കാരണങ്ങളി ലൊന്നായി റിപ്പോർട്ട് ചെയ്യപ്പെട്ടത്.

ഈ വെല്ലുവിളി നിറഞ്ഞ കാലഘട്ടത്തിൽ പൊതുവായും ഏറ്റവും അടിസ്ഥാനമായും പരസ്പരം താങ്ങാകാനുള്ള തൂണുകളായ സാമൂഹ്യ ഒത്തുചേരലിന്റെയും കൂട്ടായ ആരാധനയുടേയും വേദി കളുടെ അഭാവമുണ്ട്. 'ക്രിസ്തു ജീവിക്കുന്നു' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പാ പ്രവാചകശ ബ്ദത്തോടെ ഇപ്രകാരം കുറിച്ചിട്ടു: "ഡിജിറ്റൽ മീഡിയ ആളുകളെ ആസക്തിയിലേയ്ക്കും, ഒറ്റപ്പെടലിലേയ്ക്കും, മൂർത്തമായ യാഥാർത്ഥ്യ വുമായുള്ള ബന്ധത്തിന്റെ സാവകാശത്തിലുള്ള നഷ്ടത്തിലേയ്ക്കും, ശരിയായ വ്യക്ത്യാന്തര ബന്ധങ്ങളുടെ വികാസത്തിനുള്ള തടസ്സങ്ങ ളിലേയ്ക്കും തള്ളിയിടുന്നു" (നം. 88). വെർചൽ ബന്ധങ്ങളിൽ നിന്ന് നല്ലതും ആരോഗ്യപരവുമായ ആശയവിനിമയത്തിലേയ്ക്ക് മാറാനുള്ള വഴി അവർ കണ്ടെത്തെണമെന്നാണ് ഇതിനർത്ഥം.

മുഖാഭിമുഖ ആശയവിനിമയവും ബന്ധങ്ങളും മനുഷ്യകുലത്തിന് അത്യന്താപേക്ഷിതമാണ്. മനുഷ്യർ നിലനിൽപിന് മറ്റുള്ളവരുമായി ഇടപഴകാനുള്ള നൈസർഗികമായ ആവശ്യകതയുള്ളവരാണ്. മാന സിക ആരോഗ്യത്തെ പരിഗണിക്കുമ്പോൾ കുടുംബങ്ങളാണ് സംര ക്ഷണവലയം തീർക്കുന്ന അടിസ്ഥാന ഘടകം. അതേസമയം, വ്യക്തി കളുടെ മനഃശാസ്ത്രപരവും മാനസികവുമായ ആരോഗ്യം പരിഗണി

www.malankaralibrary.com



ക്കുമ്പോൾ സഭയും യുവജന പ്രസ്ഥാനവും സംരക്ഷണ ഘടക ങ്ങളായി ഉയർന്നുവരാനുള്ള വഴികൾ നാം കണ്ടെത്തണം. കൂട്ടായ്മ ബോധത്തെയും അസ്ഥിത്വപരമായ പരസ്പരബന്ധത്തെയും കുറി ച്ചുള്ള ബോധ്യം നൽകുന്ന ആശയം വളർത്തുന്നത് മാനസികാരോഗ്യം വലിയ തോതിൽ വർദ്ധിപ്പിക്കാൻ യുവജനങ്ങളെ സഹായിക്കും. മാന സിക-സാമൂഹിക, ആത്മീയ ആവശ്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നത് നമ്മുടെ യുവജനങ്ങളുടെ ജീവിതനിലവാരവും ക്ഷേമവും വർദ്ധിപ്പി ക്കാൻ യഥാർത്ഥത്തിൽ ഉതകും. പ്രതികൂലമായ ഈ സമയത്ത് സമൂഹ നിർമ്മിതി പരിപോഷിപ്പിക്കാൻ സാധ്യമായ എല്ലാ പരിശ്രമങ്ങളും നാം നടത്തണം.

**iii. പരിസ്ഥിതി**

മനുഷ്യന്റെ അത്യാഗ്രഹമാണ് പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം, സാരമായ പാരിസ്ഥിതിക നാശം എന്നിവയ്ക്ക് കാരണമെന്നത് പൊതുവായി അംഗീകരിക്കപ്പെട്ടതാണ്. എന്നിരുന്നാലും കാലാവസ്ഥ വ്യതിയാനത്തെ ലഘൂകരിക്കാൻ സാധി ക്കുന്നവിധം ജീവിതശൈലിയിലും മനോഭാവങ്ങളിലും മാറ്റം വരു ത്താൻ നിർബന്ധിച്ചുകൊണ്ട് പരിസ്ഥിതിയുടെ മേലുള്ള മാനുഷിക ആഘാതം ലഘൂകരിക്കാനുള്ള അനന്യമായ അവസരമാണ് മഹാമാരി നൽകുന്നത്. വിശ്രമിക്കാൻ അനുവദിച്ചാൽ സ്വയം വീണ്ടെടുക്കാൻ ഭൂമിക്ക് കഴിയുമെന്ന് മാസങ്ങളോളം നീണ്ടു നിന്ന ലോക്ഡൗണുകൾ നമ്മെ പഠിപ്പിച്ചു. വായു ശുദ്ധീകരിക്കപ്പെട്ടു, ജലാശയങ്ങൾ വൃത്തി യായി, മൃഗങ്ങളും പക്ഷികളും മുമ്പ് നശിച്ചുപോയ പ്രകൃതിദത്തമായ അവരുടെ ആവാസവ്യവസ്ഥയിലേക്ക് മടങ്ങി.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ തന്റെ ചാക്രിക ലേഖനമായ *ലൗഡാത്തോ സി*-യിലൂടെ 'സമഗ്ര പരിസ്ഥിതി ശാസ്ത്രം' എന്ന ആശ

www.malankaralibrary.com



യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് മനുഷ്യകുലവും പ്രകൃതിയും തമ്മിലുള്ള ചങ്ങാത്തത്തിലേയ്ക്ക് ക്ഷണിക്കുകയാണ്. മനുഷ്യരും ഭൂഗോളവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യർ ഭൂമിയുടെ യജമാനന്മാരല്ല, മറിച്ച് അതിന്റെ കാര്യസ്ഥന്മാരും സൃഷ്ടിയെ പരിപാലിക്കാനുള്ള ദൈവീക വിളി ലഭിച്ചവരുമാണ്. ജനങ്ങളുടെ ആരോഗ്യവും പാരിസ്ഥിതിക അവസ്ഥയും തമ്മിൽ ഏറെ ബന്ധമുണ്ടെന്ന് കൊറോണ മഹാമാരി കാണിച്ചുതന്നു. അതിനാൽ, നമ്മുടെ ഊർജ ഉപയോഗം, ഗതാഗതം, ഭക്ഷണശീലങ്ങൾ എന്നിവ പരിശോധിക്കേണ്ടത് നമുക്ക് ആവശ്യമാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരമായി പരിശുദ്ധ പിതാവ് നിർദേശിക്കുന്നത് യേശുവിന്റെ നോട്ടത്തിലേയ്ക്ക് പ്രവേശിക്കാനാണ്. പുത്രസഹജമായ സ്നേഹത്തോടും വിശ്വാസത്തോടും ആശ്രയത്തോടുംകൂടി യേശു പിതാവായ ദൈവത്തെ നോക്കി. അവൻ അനുകമ്പാർദ്രമായ നോട്ടത്തോടെ സഹമനുഷ്യരെ നോക്കി. താൽപര്യത്തോടും അതിശയത്തോടുംകൂടി അവൻ പ്രകൃതിയിലേയ്ക്കും പരിസ്ഥിതിയിലേയ്ക്കും നോക്കി. സൃഷ്ടിയുടെ അത്ഭുതംകൂറുന്ന സൗന്ദര്യം ധ്യാനിക്കുകയും അതിനോട് പൂർണമായി യോജിച്ച് ജീവിക്കുകയും ചെയ്ത യേശുവിന്റെ നോട്ടത്തിലേയ്ക്ക് പ്രവേശിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

ഏറെ അസ്വസ്ഥതയും പലപ്പോഴും മനുഷ്യ മനസ്സുകളിൽ പരിഭ്രാന്തിയും ഭയവുമുളവാക്കുന്നതാണ് ഈ നാളുകൾ. എന്നാൽ, കത്തോലിക്കർ എന്ന നിലയിൽ, ലോകത്തിലെ നമ്മുടെ ഏറ്റവും വലിയ സമ്മാനം പ്രത്യാശയാണ്. ഇന്ന്, യുവാക്കൾ പ്രത്യാശയുടെ കിരണങ്ങളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. മുകളിൽ അവതരിപ്പിച്ച ആശങ്കയുടെ വെളിച്ചത്തിൽ, സുവ്യക്തമായ ചില നിർദ്ദേശങ്ങൾ വിശദീകരിക്കാൻ സാധിക്കും.

www.malankaralibrary.com



a) **ദൈവവചനത്തിൽ ജീവിക്കുക**

യേശു ക്രിസ്തുവിനെ അനുഗമിക്കുക എന്നതിന്റെ അർത്ഥമെന്താണ്? കർത്താവ് തന്നെ പറയുന്നു, ഒരു ശിഷ്യനായിരിക്കുക എന്നത് അടിസ്ഥാനപരമായി രണ്ടു കാര്യങ്ങളാണ്: ദൈവവചനം ശ്രവിക്കുകയും അത് പ്രയോഗത്തിൽ വരുത്തുകയും ചെയ്യുക. "ദൈവവചനം ശ്രവിക്കുകയും അത് പാലിക്കുകയും ചെയ്യുന്നവരാണ് തന്റെ അമ്മയും സഹോദരങ്ങളും" (ലൂക്കാ 8:21). നമ്മുടെ പാദങ്ങൾക്ക് പ്രകാശവും നമ്മുടെ പാതയിൽ വിളക്കുമായ ദൈവവചനം വായിക്കാനും ധ്യാനിക്കാനുമായി ആവശ്യമായ സമയം നാം മാറ്റി വയ്ക്കണം. സഹനത്തിന്റെയും വേദനയുടെയും നാളുകളിൽ പ്രാർത്ഥനയിൽ ദൈവത്തിൽ ശരണം വച്ച ആളുകളുടെ എണ്ണമറ്റ ഉദാഹരണങ്ങൾ വി. ബൈബിൾ നൽകുന്നുണ്ട്. ബൈബിളിന്റെ താളുകളിലൂടെ നാം കടന്നുപോകുമ്പോൾ, പ്രതിസന്ധിഘട്ടങ്ങളിൽ വീണ്ടും വീണ്ടും നന്മകൾ പുറപ്പെടുവിക്കുന്ന ദൈവത്തെയാണ് നാം കാണുന്നത്. ദൈവവചനം തീർച്ചയായും കർത്താവിലുള്ള നമ്മുടെ വിശ്വാസത്തെ ദൃഢപ്പെടുത്തും.

b) **യുവജനങ്ങൾ: എല്ലായ്പ്പോഴും മിഷനറിമാർ**

എല്ലാ യുവജനങ്ങൾക്കും, ഏറ്റവും ദുർബലർക്കും, പരിമിതിയുള്ളവർക്കും പ്രശ്നക്കാർക്കുപോലും, അവരുടേതായ രീതിയിൽ, മിഷനറിമാരാകാം, കാരണം "വിവിധ പരിമിതികളോടൊപ്പം നിലകൊള്ളുമ്പോഴും നന്മ എല്ലായ്പ്പോഴും പങ്കുവയ്ക്കപ്പെടാം." ഇന്നത്തെ സാഹചര്യത്തിൽ, ദൈവത്തോടും സഹജീവികളോടും പ്രകൃതിയോടും നല്ല ബന്ധം പുലർത്തുന്ന ജീവിതം നയിച്ചുകൊണ്ട് യുവജനങ്ങൾക്ക് ധാരാളം മാറ്റങ്ങൾ വരുത്താൻ സാധിക്കും. ആധുനിക നാളുകളിലെ സുവിശേഷകരായ യുവജനങ്ങളുടെ ഊർജവും, ചടുലതയും സഭയ്ക്ക് ആവശ്യമാണ്. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിലേയ്ക്കുള്ള ഹ്രസ്വ

www.malankaralibrary.com



കാലവും ദീർഘകാലവുമായുള്ള മിഷൻ യാത്രകൾ നടത്താൻ യുവജനങ്ങൾ സന്നദ്ധതയും ധൈര്യവും പ്രകടിപ്പിക്കേണ്ടതുണ്ട്. ഇത് അവരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതുകൊണ്ട് അതിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ യുവജനങ്ങളായിരിക്കും.

### c) സമഗ്രമായ ജീവിത ശൈലി രൂപീകരിക്കുക

കോവിഡാനന്തര ലോകത്ത് ഏറ്റവും ലളിതവും പരിസ്ഥിതി സുസ്ഥിരവുമായ ഒരു ജീവിതരീതി നാം വികസിപ്പിക്കേണ്ടതുണ്ട്. മഹാമാരി, നിലവിൽ ആഗോള വ്യാപകമായിരിക്കുമ്പോൾ, നമ്മുടെ ഗ്രഹത്തെയും നമ്മുടെ തന്നെ ക്ഷേമത്തെയും നശിപ്പിക്കുന്നത് ഒഴിവാക്കാൻ ഹരിതാഭമായതും കൂടുതൽ സുസ്ഥിരവുമായ ഒരു സമൂഹത്തിലേയ്ക്ക് മാറാനുള്ള അനന്യമായ ഒരു സാധ്യത നൽകുകയാണ്. മിതവും ആരോഗ്യപരവുമായ ഭക്ഷണ ശീലങ്ങളും പരിസ്ഥിതി സുസ്ഥിരമായ ജീവിത ശൈലികളും ഉൾക്കൊള്ളാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. നമുക്ക് നമ്മുടെ ആത്മീയതയെ ഹരിതാഭമാക്കുകയും സഭയെ ഹരിതമയമാക്കുകയും ചെയ്യാം.

### d) ഡിജിറ്റൽ മീഡിയയുടെ ഉത്തരവാദിത്വപരമായ ഉപയോഗം

വ്യാജ വാർത്തകളിൽ നിന്ന് വസ്തുതകളെ വേർതിരിച്ചറിയാനും, ശാസ്ത്രീയമായി പരിശോധിക്കാത്ത ഏതൊരു സന്ദേശവും കൈമാറുന്നതിൽ (forwarding) നിന്ന് പിൻതിരിയാനും നാം പഠിക്കേണ്ടിയിരിക്കുന്നു. ഡിജിറ്റൽ മാധ്യമങ്ങളുടെ ഉപയോഗത്തിൽ നാം ബുദ്ധിയും ഉത്തരവാദിത്വബോധവുമുള്ള ഉപയോക്താക്കളായി മാറണം. കോവിഡ് 19 മഹാമാരിയുടെ വ്യാപനം ലഘൂകരിക്കുന്നതിന് “ശാരീരിക അകലം” ആവശ്യമായിരിക്കുമ്പോഴും ഒറ്റപ്പെടുന്നതിന്റെയും ക്വാറന്റീന്റെയും സമയങ്ങളിൽ ആത്മീയവും ശാരീരികമല്ലാത്തതുമായ അടുപ്പം മുമ്പുള്ളതിനേക്കാൾ അനിവാര്യമാണ്. ഓൺലൈൻ മീറ്റിംഗുകൾ, പങ്കുവയ്ക്കുന്ന കൂട്ടായ്മകൾ, ഹ്രസ്വമായ പ്രാർത്ഥനകൾ, സമൂഹത്തിലെ രോഗികളുമായുള്ള ബന്ധം എന്നിവ

www.malankaralibrary.com



ആഴമേറിയതും അർത്ഥവത്തായതുമായ രീതികളിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. എന്റെ പ്രിയ യുവജന സുഹൃത്തുക്കളെ, എല്ലാ ദിവസവും കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കുവാനും, പകർച്ച വ്യാധിയെക്കുറിച്ചുള്ള അനാവശ്യ വിവരങ്ങളുമായുള്ള സമ്പർക്കം പരിമിതപ്പെടുത്തുവാനും, സ്വയം തിരക്കുകളിലായിരിക്കുവാനും, ഇലക്ട്രോണിക്സ് മാധ്യമങ്ങളില്ലാത്ത കായിക വിനോദങ്ങളിലേയ്ക്ക് പ്രവേശിക്കുവാനും, സാമൂഹിക ഇടപെടലുകൾക്ക് സമയം കണ്ടെത്തുവാനും നിങ്ങളെ ഞാൻ ഉദ്ബോധിപ്പിക്കുന്നു. ഈ യുവജനദിനം അതാത് യൂണിറ്റുകൾ ഏറെ അർത്ഥവത്തായി ആഘോഷിക്കുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. സഭാതല യുവജനദിന പരിപാടികൾ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ മണ്ണന്തല വി. ജോൺ പോൾ രണ്ടാമൻ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2021 ഒക്ടോബർ 3, ഞായറാഴ്ച നടക്കുന്നതാണ്. നമ്മുടെ സഭയിലെ എല്ലാ ഇടവകകളിലെയും ഈ ദിവസത്തെ കാണിക്ക, ഭദ്രാസന സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കുവാൻ നിങ്ങളെ ഞാൻ ഓർമ്മിപ്പിക്കുന്നു. കാണിക്കയുടെ പകുതി തുക ഭദ്രാസനത്തിലെ യുവജന ശുശ്രൂഷയ്ക്കായി ഉപയോഗിക്കുക. സഭാതലത്തിലെ യുവജന ശുശ്രൂഷയ്ക്കായി ഉപയോഗിക്കാനായി മറുപകുതി മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിൽ നൽകുവാനായി ഭദ്രാസന ഫിനാൻസ് ഓഫീസർമാരോട് ആവശ്യപ്പെടുകയാണ്.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തിൽ അനുഗ്രഹം നേർന്നുകൊണ്ട്,

**✠ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത**

ചെയർമാൻ, സഭാതല യുവജന സിനഡൽ കമ്മീഷൻ &

മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com



ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ
അംഗീകാരത്താലും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള
മേൽപ്പട്ടക്കാർക്കും കോറെപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും
പട്ടക്കാർക്കും ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2021

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

## 91-ാം പുനരൈക്യവാർഷിക സഭാസംഗമം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ,

റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ,

കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭ നവതിയുടെ നിറവിൽ 91-ാം പുനരൈക്യ വാർഷികത്തിലൂടെ ഒരു ചുവടുകൂടി മുന്നോട്ട് വയ്ക്കുകയാണല്ലോ. ക്രിസ്തുശിഷ്യനായ മാർ തോമാശ്ലീഹാ ഭാരതത്തിന്റെ തനതു ജീവിതശൈലിയിൽ തന്നെ പാകിച്ചേർത്തു നൽകിയ വിശ്വാസം ദീപ്തി മങ്ങാതെ ജ്വലിപ്പിച്ചു തലമുറകൾക്കു കൈമാറണമെന്ന ഒരു വിശ്വാസീസമൂഹത്തിന്റെ തീവ്രാഭിലാഷത്തിനു വൈദേശികാധിപത്യം വെല്ലുവിളി ഉയർത്തി. അതിനെതിരേയുള്ള ഭാവാത്മകമായ പ്രതിഷേധമായിരുന്നു കൂനൻ കുരിശു സത്യം. സഭാജീവിത

www.malankaralibrary.com



ശൈലിയോടുള്ള പ്രതിബദ്ധതയുടെ അടയാളമായി അതിനെ കാണാവുന്നതാണ്.

കേരളസഭ തമസിലാണ്ടുപോകും മുമ്പ് അതിനെ പ്രഭാപൂരിതമാക്കാൻ സൂര്യതേജോസമാനനായ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പൊലീത്തായിലൂടെ പരമകാരുണികനായ ദൈവം തിരുമനസായി. ഭാരതത്തിന്റെ മണ്ണിൽ നിന്നു തന്നെ വെള്ളവും വളവും സ്വീകരിച്ച് പുഷ്പിച്ചു ഫലമണിയുന്ന ഒരു വിശ്വാസവൃക്ഷമായി കേരളസഭയെ സ്വപ്നം കണ്ട് നിശ്ചയദാർഢ്യത്തോടെ ആ സ്വപ്ന സാക്ഷാത്കാരത്തിനായി ഇറങ്ങിത്തിരിച്ച ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താക്കു മുന്നിൽ ഐക്യത്തിലേക്കുള്ള എല്ലാ വാതിലുകളും തുറക്കപ്പെട്ടു. വ്യക്തിതാത്പര്യമേതുമില്ലാതെ, സത്യത്തെ മാത്രം പുൽകാനാഗ്രഹിച്ച ആ മഹാമനസ്സാണ് ഐക്യസാധ്യതയ്ക്കു കരുത്തുപകർന്നത് എന്ന് നിസംശയം പറയാം. സ്വേച്ഛാധിഷ്ഠിത മോഹങ്ങളോ സ്വാർഥതയാൽ പങ്കിലമായ ഗൂഢോദ്ദേശങ്ങളോ പുനരൈക്യ പരിശ്രമങ്ങളുമായി മുന്നോട്ടു പോകുമ്പോൾ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ സ്വാധീനിച്ചിരുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ ചരിത്രത്തിന്റെ താളുകളിൽ പുനരൈക്യപരിശ്രമങ്ങൾ പാളിപ്പോയ ഒരു പഴങ്കഥ മാത്രമായി ഒരു പക്ഷേ അവശേഷിക്കുമായിരുന്നു. പുനരൈക്യപരിശ്രമങ്ങൾ കേവലം പരിശ്രമങ്ങളായി മാത്രം അവസാനിക്കാനിടയാകാതെ "പുനരൈക്യം" എന്ന ചരിത്രസംഭവം വരെ കൊണ്ടെത്തിക്കാൻ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ സഹായിച്ചത്, അദ്ദേഹത്തിന്റെ അചഞ്ചലമായ ദൈവവിശ്വാസവും, സത്യാന്വേഷണപാതയിൽ വിട്ടുവീഴ്ചയില്ലാതെ മുന്നേറാനുള്ള ധൈര്യവും ദൃഢനിശ്ചയവും ആർജവത്വവുമാണ് എന്നത് വ്യക്തമാണ്.

www.malankaralibrary.com



1930 സെപ്തംബർ 20 ന് സാക്ഷാത്കൃതമായ പുനരൈക്യം മലങ്കരസഭയുടെ വളർച്ചയുടെ കാഹളധ്വനികൂടിയായിത്തീർന്നു എന്നു കാണാം. 91 വർഷങ്ങൾ പിന്നിടുമ്പോൾ മലങ്കര സുറിയാനി കത്തോലിക്കാസഭ 12 ഭദ്രാസനങ്ങളുമായി വളർച്ചയുടെ പാതയിൽ മുന്നേറുന്നു. സഭയായി നമ്മുടെ ഉത്തരവാദിത്തം പുനരൈക്യ സംഭവത്തോടുകൂടി അവസാനിക്കുകയല്ല ആരംഭിക്കുകയാണുണ്ടായത്. ഭാരതം മുഴുവൻ ക്രിസ്തുവിനെ സ്വീകരിക്കുന്ന ദിനം സമാഗതമാകുന്നതുവരെ അക്ഷീണം തുടരാനുള്ള ഒരു വലിയ ദൗത്യം നമ്മിൽ നിക്ഷിപ്തമാക്കിയാണ് പുനരൈക്യം കടന്നു വന്നത്, ആ ദൗത്യം അനുസ്മരിപ്പിച്ചുകൊണ്ടാണ് ഓരോ പുനരൈക്യവാർഷികവും കടന്നു വരുന്നതും. പുനരൈക്യശതാബ്ദിയിലേക്കു അടുത്തുകൊണ്ടിരിക്കുന്ന സഭ എന്ന നിലയിൽ ഈ ഉത്തരവാദിത്തം കൂടുതൽ ഗൗരവമായിത്തന്നെ നാം ഏറ്റെടുക്കേണ്ട കാലഘട്ടവും കൂടിയാണിത്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സത്യത്തോടുള്ള തുറവിയും അതിനെ വിട്ടുവീഴ്ചയില്ലാതെ പിൻചെല്ലാനുള്ള ധൈര്യവും സത്യത്തെ പുൽകാൻ എന്തും ഉപേക്ഷിക്കാനുള്ള സന്നദ്ധതയും ഉൾക്കൊണ്ടുകൊണ്ട് ഈ ദൗത്യനിർവഹണത്തിനായി പരസ്പര ഐക്യത്തോടുകൂടി സഭ ഒന്നായി നമുക്ക് മുന്നേറാം. ഡിസംബർ 20, 21 തീയതികളിൽ നടത്തുവാൻ മുൻകൂട്ടി നിശ്ചയിച്ചിരുന്നുവെങ്കിലും കോവിഡ്-19 ന്റെ പ്രത്യേക സാഹചര്യത്തിൽ അത് മാറ്റിവയ്ക്കുകയാണ്. ഈ വർഷത്തെ പുനരൈക്യ വാർഷികാഘോഷം ഭദ്രാസന തലങ്ങളിൽ ക്രമീകരിക്കേണ്ടതാണ്. സെപ്തംബർ 20-ന് നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കേണ്ടതും തുടർന്ന് കാതോലിക്കാ പതാക ഉയർത്തേണ്ടതും പുനരൈക്യ പ്രതിജ്ഞ ചൊല്ലേണ്ടതുമാകുന്നു. ഭദ്രാസന ദൈവാലയത്തിൽ ഭദ്രാസനാധ്യക്ഷൻ വി. കുർബാന അർപ്പിച്ച് കാതോലിക്കാ പതാക ഉയർത്തുന്നത് ഉചിതമാ

www.malankaralibrary.com



യിരിക്കും. വന്ദ്യ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലിത്താ കാലം ചെയ്തിട്ട് ഒക്ടോബർ 5-ന് 40 ദിവസം തികയുകയാണ്. അന്നേ ദിവസം ഡൽഹി-നെബ്സെറായി സെന്റ് മേരീസ് കത്തീഡ്രലിൽ വി. കുർബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും അനുസ്മരണ ശുശ്രൂഷകളും നടത്തപ്പെടുന്നതാണ്. വന്ദ്യ തിരുമേനിക്ക് ഏറ്റം ഇഷ്ടമായിരിക്കുന്ന 'വിശക്കുന്നവന് ആഹാരം' എന്ന പദ്ധതിയുടെ പശ്ചാത്തലത്തിൽ അന്നേദിവസം ഡൽഹിയിലുള്ള വിവിധ സ്ഥലങ്ങളിൽ ആഹാരം നൽകുന്നതാണ്. വന്ദ്യ തിരുമേനി കാലം ചെയ്തതിന്റെ 40-ാം ദിവസം, സാധിക്കുന്ന ദൈവാലയങ്ങളിൽ വി. കുർബാനയും ധൂപപ്രാർത്ഥനയും നടത്തേണ്ടതും സാധിക്കുന്നത്ര ആളുകൾക്ക് ആഹാരം നൽകേണ്ടതുമാണ്. അന്നേദിവസത്തെ വിശുദ്ധ ശുശ്രൂഷകളോടെ ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിലും ദുഃഖാചരണം അവസാനിക്കുന്നതാണ്. വന്ദ്യ തിരുമേനിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു. വന്ദ്യ പിതാവിന്റെ മാധ്യസ്ഥം നമ്മുടെ സഭയുടെ സുവിശേഷ പ്രവർത്തനങ്ങൾക്ക് ശക്തിപകരട്ടെ!

ആയത്, ദൈവമാതാവായ പരി. കന്യകാമറിയത്തിന്റേയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
01-09-2021

www.malankaralibrary.com



# രൂപതാ വാർത്തകൾ

## ഗുഡ്ഗാവ് രൂപതയ്ക്കുവേണ്ടി സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | Dr.John Thampy, Madappallil, Kumbazha | 5000.00 |
| 2. | Elanthoor Parish | 15,000.00 |
| 3. | Fr.Joseph Erattapulickal | 10000.00 |
| 4. | Kochukulam Parish | 5,000.00 |
| 5. | Laha Parish | 5,000.00 |
| 6. | MCYM Muttathukonam | 775.00 |
| 7. | Muttathukonam Parish | 4,225.00 |
| 8. | Pampumala Parish | 15,000.00 |

തുടരും.....

### മാസധ്യാനം

പത്തനംതിട്ട രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ പൊതുമാസധ്യാനം 2021 ഒക്ടോബർ മാസം 12-ാം തീയതി ചൊവ്വാഴ്ച പത്തനംതിട്ട അരമനയിൽവച്ച് രാവിലെ 9.30 മുതൽ 1.00 മണി വരെ പൂനൈ പേപ്പൽ സെമിനാരി പ്രഫസറായിരിക്കുന്ന ബഹുമാനപ്പെട്ട ഡോ. ജേക്കബ് പറപ്പള്ളി MSFS അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

### 91-ാം പുനരൈക്യ വാർഷികം

മലങ്കര കത്തോലിക്കാ സഭ 91-ാം പുനരൈക്യ വാർഷികം പത്തനംതിട്ട രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തി. സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ

www.malankaralibrary.com



മുഖ്യകാർമികത്വത്തിൽ വി.കുർബാന അർപ്പിക്കുകയും, കോട്ടയം ക്നാനായ അതിരൂപതയുടെ സഹായമെത്രാൻ ഡോ.ഗീവർഗീസ് മാർ അപ്രേം എപ്പിസ്കോപ്പാ തിരുവചനസന്ദേശം നൽകുകയും ചെയ്തു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ പുനരൈക്യ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും, പതാക ഉയർത്തുകയും ചെയ്തു.

### കുരിശ്ശടി കൂദാശ

അമലഗിരി സെന്റ് തോമസ് ദൈവാലയത്തിന്റെ അഞ്ചുമുക്ക് മണിയാറിലുള്ള വി.ഗീവർഗീസ് സഹദായുടെ നാമത്തിൽ പുതുതായി പണികഴിപ്പിച്ച കുരിശ്ശടിയുടെ കൂദാശാകർമ്മം 2021 ഒക്ടോബർ 3-ാം തീയതി ഞായറാഴ്ച പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.

### വാർഷിക ധ്യാനം

നമ്മുടെ രൂപതയിലെ വൈദികരുടെ വാർഷികധ്യാനം 2021 നവംബർ മാസം 15 മുതൽ 19 വരെ മാവേലിക്കര ജീവാരാം സെന്ററിൽവച്ച് അദിലബാദ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ആന്റണി പ്രിൻസ് പനേങ്ങാടൻ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

anugraha

## അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി

### സെമിനാർ : മലയോര കർഷകർ നേരിടുന്ന വെല്ലുവിളികൾ

അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി കെ.സി.ബി.സി യുടെ കേരളാ സോഷ്യൽ സർവ്വീസ് ഫോറവുമായി സഹകരിച്ച് രൂപതയിലെ മലയോര കർഷകരുടെ പ്രതിനിധികൾക്കായി ഓഗസ്റ്റ് 10-ാം തീയതി ചിറ്റാർ മലങ്കര കത്തോലിക്കാ പള്ളിയിൽ വച്ച് സെമിനാർ നടത്തപ്പെട്ടു. K.S.S.F ഡയറക്ടർ ഫാ.ജേക്കബ് മാവുങ്കൽ മുഖ്യപ്രഭാഷണം നടത്തി. വന്യജീവി ആക്രമണം, വില്ലേജ് വിജിലൻസ് കമ്മറ്റി രൂപീകരണം,

www.malankaralibrary.com



കർഷക ക്ഷേമനിധി ബോർഡ് എന്നിവയെക്കുറിച്ച് വിഷയം അവതരിപ്പിച്ചു. ഡയറക്ടർ ഫാ.വർഗീസ് ചാമക്കാലായിൽ, രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ.സണ്ണി, സീതത്തോട് ജില്ലാ എം.സി.എ. പ്രസിഡന്റ് ശ്രീ.സി.റ്റി.തോമസ്, സി.പവിത്ര എസ്.ഐ.സി തുടങ്ങിയവർ പ്രസംഗിച്ചു.

## സന്നദ്ധ സേവകർക്ക് പരിശീലനം

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടു കൂടി നടപ്പിലാക്കുന്ന നവജീവൻ പദ്ധതിയുടെ ഭാഗമായി രൂപതയിലെ 150 സന്നദ്ധ പ്രവർത്തകർക്ക് സെപ്റ്റംബർ 6 ന് പരിശീലനം നൽകി. കാരിത്താസ് ഇൻഡ്യ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.പോൾ മുഞ്ഞേലി പരിശീലനം ഉദ്ഘാടനം ചെയ്തു. പറന്തൽ മാർ ക്രിസോസ്റ്റം കോളേജ്, രൂപതാ എം.സി.വൈ.എം, മാതൃവേദി അംഗങ്ങളുടെ പങ്കാളിത്തവും ഉണ്ടായിരുന്നു.

## ഭക്ഷ്യ ധാന്യ കിറ്റ് വിതരണം

കോവിഡ് പ്രതിരോധ യജ്ഞത്തിന്റെ ഭാഗമായി അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തു. കോന്നി ആഞ്ഞിലികുന്ന് വച്ച് കോന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സുലേഖ വി. നായർ ഉദ്ഘാടനം നിർവഹിച്ചു.

## കർഷകദിനം

അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി കർഷക ദിനത്തിൽ ആഗസ്റ്റ് 17-ാം തീയതി (ചിങ്ങം 1) ഫലവൃക്ഷത്തൈകൾ നട്ടുവളർത്തുന്ന പദ്ധതിയ്ക്കു തുടക്കം കുറിച്ചു. തുമ്പമൺ ജെ.സി.പി. സെൻട്രലിൽ നടന്ന ചടങ്ങ് രൂപതാ വികാരി ജനറാൾ മോൺ.ഡോ.ഷാജി മാണികുളം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ.വർഗീസ് ചാമക്കാലായിൽ,

www.malankaralibrary.com



ശ്രീ.ജുബിൻ ലാൽ തുടങ്ങിയവർ പ്രസംഗിച്ചു. ചടങ്ങിൽ കർഷകരെ ആദരിക്കുകയും ചെയ്തു

## കാരിത്താസ് ഇൻഡ്യാ സന്ദർശനം

കാരിത്താസ് ഇൻഡ്യയുമായി സഹകരിച്ച് നടപ്പിലാക്കുന്ന ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി കാരിത്താസ് ഇൻഡ്യയുടെ Thematic Associate HA-DRR ശ്രീ.ആംസ്ട്രോങ്ങ് അലക്സാണ്ടർ സെപ്റ്റംബർ 9, 10 തീയതികളിൽ അനുഗ്രഹ ഓഫീസും പദ്ധതി പ്രദേശങ്ങളും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.

## റീജണൽ റീസോഴ്സ് ടീം ട്രെയ്നിംഗ്

കേരള സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മധ്യകേരളത്തിലെ 5 കത്തോലിക്കാ രൂപതകളിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റികളിൽ പ്രവർത്തിക്കുന്നവർക്കായി സെപ്റ്റംബർ 16, 17 തീയതികളിൽ തിരുവല്ല ബോധനയിൽ വെച്ച് പരിശീലനം നടത്തി. ആർച്ച് ബിഷപ്പ് ഡോ.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ പരിശീലനം ഉദ്ഘാടനം ചെയ്തു. കെ.എസ്.എസ്.എഫ് ഡയറക്ടർ ഫാ.ജേക്കബ് മാവുങ്കൽ, ഫാ.റൊമാൻസ് ആന്റണി, ഡോ.വി. ആർ.ഹരിദാസ് എന്നിവർ പരിശീലനങ്ങൾക്ക് നേതൃത്വം നല്കി. അനുഗ്രഹ ഡയറക്ടർ ഫാ.വർഗീസ് ചാമക്കാലായും സ്റ്റാഫംഗങ്ങളും പരിശീലനത്തിൽ പങ്കെടുത്തു.

## ആദിവാസികൾക്ക് സഹായ ഹസ്തവുമായി അനുഗ്രഹ

കോവിഡാനന്തരം വളരെയേറെ ബുദ്ധിമുട്ടുകളനുഭവിക്കുന്ന ആദിവാസികൾക്ക് സഹായഹസ്തവുമായി സോഷ്യൽ സർവ്വീസ്

www.malankaralibrary.com



സൊസൈറ്റി ഗുരുനാഥൻമണ്ണ് ചിപ്പൻ കോളനിയിലെ 20 ആദിവാസി കുടുംബങ്ങൾക്ക് ഭക്ഷ്യ ധാന്യ കിറ്റുകൾ, മാസ്ക്, ഹാൻഡ് വാഷ് തുടങ്ങിയവ വിതരണം ചെയ്തു. ഡയറക്ടർ ഫാ.വർഗീസ് ചാമക്കാലായിൽ, വാർഡ് മെമ്പർ ശ്രീമതി. സുനി, ഓഫീസ് സ്റ്റാഫംഗങ്ങൾ തുടങ്ങിയവർ സംബന്ധിക്കുകയും ചെയ്തു.

## വിജയവീഥി പഠനകേന്ദ്രം

കേരള ഗവൺമെന്റിന്റെ കേരള സ്റ്റേറ്റ് റൂട്രോണിക്സ് ഡിപ്പാർട്ടുമെന്റ്, അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ വിജയവീഥി പഠന കേന്ദ്രമായി തെരഞ്ഞെടുത്തിരിക്കുന്നു. സീതത്തോട് മാർ ഈവാനിയോസ് ഐ.റ്റി.ഐ മായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത് .

## അനുഗ്രഹ വിദ്യാജ്യോതി സ്കോളർഷിപ്പിന് സ്പോൺസർ ചെയ്തത്

1. Rev.Fr.Deny Pulivelil - 9000/-

## സൗജന്യ ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പ്

തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ സഹായത്തോടു കൂടി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾക്കു വേണ്ടിയുള്ള സൗജന്യ ക്യാൻസർ രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 18 നും 60 വയസിനും ഇടയിൽ പ്രായമുള്ള സ്ത്രീകളിൽ കണ്ടു വരുന്ന, വായിലെ ക്യാൻസർ, തൈറോയ്ഡ് ക്യാൻസർ, സ്തനത്തിലെ ക്യാൻസർ, ഗർഭാശയ ക്യാൻസർ എന്നിവ മുൻകൂട്ടി നിർണ്ണയിക്കുന്നതിനുള്ള സമഗ്ര പരിശോധനകൾ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

ഫോൺ : 9495003976, 0468 2356160.

www.malankaralibrary.com



# എം. സി. വൈ. എം.

## സെനറ്റ് സമ്മേളനം

അസാധാരണ സെനറ്റ് സമ്മേളനം നടത്തപ്പെട്ടു, രൂപതയുടെ ഭരണഘടനാ ഭേദഗതി സംബന്ധിച്ച് ചർച്ചകൾ നടത്തുകയും, ഭേദഗതി കരട് അവതരിപ്പിക്കുകയും, അഭിവന്ദ്യ പിതാവിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.



അസാധാരണ സെനറ്റ് സമ്മേളനത്തിൽ സംബന്ധിച്ചവർ അഭിവന്ദ്യ പിതാവിനൊപ്പം

## അർദ്ധവാർഷിക സെനറ്റ് സമ്മേളനം

രൂപതാ സമിതിയുടെ 2021 വർഷത്തെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം ഓൺലൈനായി ജൂലൈ 25-ാം തീയതി ഉച്ചയ്ക്ക് 1.30 മുതൽ നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ജില്ലാ സമിതികൾ റിപ്പോർട്ട് അവതരിപ്പിക്കുകയും, തുടർന്ന് രൂപതാ സമിതിയുടെ റിപ്പോർട്ടും, കണക്കും അവതരിപ്പിക്കുകയും ചെയ്തു, ചർച്ചകളിൽ യുവജന നേതാക്കന്മാർ സജീവമായി പങ്കെടുത്തു.

www.malankaralibrary.com



## ഈ തണലിൽ ഇത്തിരി നേരം

എം.സി.വൈ.എം പത്തനംതിട്ട രൂപതാ സമിതിയുടെ നേതൃത്വത്തിൽ രൂപതാ മുൻകാല ഭാരവാഹികളുടെ സംഗമം 2021 ആഗസ്റ്റ് 22 ഞായർ കോന്നി കാർമ്മല ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. രാവിലെ വി കുർബ്ബാനയ്ക്ക് അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ മുഖ്യകാർമ്മികത്വം വഹിച്ചു. കുർബാനയ്ക്ക് ശേഷം ബഹു.ജോയി സാർ മൈലപ്ര, പ്രസ്ഥാനത്തിന്റെ പതാക ഉയർത്തി. ശേഷം അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ സംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന സംഗമത്തിൽ മുൻകാല ഭാരവാഹികൾ എം.സി.വൈ.എം ഓർമ്മകൾ പങ്ക് വയ്ക്കുകയും, തുടർപ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുകയും ചെയ്തു. തുടർന്ന് എല്ലാവരും ഒരുമിച്ച് ചേർന്ന് ഓണ സദ്യയിൽ പങ്ക് ചേരുകയും ചെയ്തു.



www.malankaralibrary.com



## ടാസ്ക്ക് ഫോഴ്സ്

എം.സി.വൈ.എം പത്തനംതിട്ട രൂപതയുടെ നേതൃത്വത്തിൽ ആരംഭിച്ച ടാസ്ക്ക് ഫോഴ്സ് രൂപതയിലെ എലിമുള്ളുംപ്ലാക്കൽ, മെഴുവേലി വെസ്റ്റ്, വാഴമുട്ടം ദൈവാലയങ്ങളിൽ കോവിഡ് മൂലം മരണപ്പെട്ട വ്യക്തികൾകളുടെ ശവസംസ്കാര ശുശ്രുഷകൾക്ക് നേതൃത്വം നൽകി.

## Focus 2K21

പത്തനംതിട്ട രൂപതാ മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിലെ യൂണിറ്റ് തലങ്ങൾ മുതൽ ഉപരിഘടകങ്ങൾ വരെ ശക്തിയുക്തം തുടർ നാളുകളിൽ നയിക്കുവാൻ പോകുന്ന യുവജന നേതാക്കാൻമാരെ, ചടുലമായ പ്രവർത്തനങ്ങൾ കാലോചിതമായി ചിന്തിച്ചു നടപ്പിലാക്കുവാൻ പ്രാപ്തരാക്കുന്നതിന്, ഫോക്കസ് 2K21 നടത്തപ്പെട്ടു.

2021 സെപ്റ്റംബർ 25-ാം തീയതി റാന്നി-പെരുനാട് വൈദിക ജില്ലയിലെ യൂണിറ്റുകളിൽ നടത്തപ്പെട്ട മീറ്റിംഗിൽ കെ.സി.വൈ.എം കൊല്ലം രൂപതാംഗവും മിജാർക്ക് ഏഷ്യാ പ്രതിനിധിയും ആയ ഡെലിൻ ഡേവിഡും, എം.സി.വൈ.എം തിരുവനന്തപുരം മേജർ അതിരൂപതാ പ്രസിഡന്റ് ജെറിൻ മാത്യുവും വിശിഷ്ടാതിഥികൾ ആയി പങ്കെടുത്തു.

2021 സെപ്റ്റംബർ 26-ാം തീയതി സീതത്തോട് വൈദിക ജില്ല യിലെ യൂണിറ്റുകളിൽ നടത്തപ്പെട്ട മീറ്റിംഗിൽ കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് എഡ്വേർഡ് രാജുവും, എം.സി.വൈ.എം പാറശ്ശാല രൂപതാ ജനറൽ സെക്രട്ടറി എയ്ഞ്ചൽ മേരിയും, വിശിഷ്ടാ തിഥികളായി പങ്കെടുത്തു.

www.malankaralibrary.com



2021 സെപ്റ്റംബർ 27-ാം തീയതി പന്തളം വൈദിക ജില്ലയിലെ യൂണിറ്റുകളിൽ നടത്തപ്പെട്ട മീറ്റിംഗിൽ കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറി ഡെനിയ സിസി ജയനും, എം.സി.വൈ.എം തിരുവല്ല അതിഭദ്രാസന പ്രസിഡന്റ് ലൈജു കോശിയും, വിശിഷ്ടാതിഥികളായി പങ്കെടുത്തു.

2021 സെപ്റ്റംബർ 28-ാം തീയതി പത്തനംതിട്ട വൈദിക ജില്ല യിലെ യൂണിറ്റുകളിൽ നടത്തപ്പെട്ട മീറ്റിംഗിൽ കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറി റോസ് മേരിയും, എം.സി.വൈ.എം പുത്തൂർ ഭദ്രാസന പ്രസിഡന്റ് ജോയൽ ജോസും, വിശിഷ്ടാതിഥികളായി പങ്കെടുത്തു.

## ആദരവ്

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയും, അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുകതമായി ചേർന്ന് കോവിഡ് ശവസംസ്കാര ശുശ്രൂഷകളിൽ ടാസ്ക്ക് ഫോഴ്സിന്റെ ഭാഗമായി പ്രവർത്തിക്കുന്ന പ്രിയപ്പെട്ട യുവജനങ്ങളെ ആദരിച്ചു.

2021 ഒക്ടോബർ 2 ശനിയാഴ്ച ഉച്ചയ്ക്ക് 2.30 ന് ഓമല്ലൂർ ദർശന ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട മീറ്റിംഗിൽ അഭി.സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ രൂപതയുടെ അഭിമാനമായ പ്രിയ യുവജനങ്ങളെ നേരിൽ കണ്ട് ആദരിച്ചു.

## നന്ദി

എം.സി.വൈ.എം പത്തനംതിട്ട രൂപതാ സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഓൺലൈൻ യൂണിറ്റ് വിസിറ്റ് റാന്നി-പെരുനാട് വൈദിക ജില്ലയിൽ പൂർത്തിയായി. ജില്ലയിലെ 16 യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ, രൂപതാ സമിതിയും, ജില്ലാ സമിതിയും ഒത്തുചേർന്ന്

www.malankaralibrary.com



വിലയിരുത്തി. ജില്ലയിലെ യൂണിറ്റുകൾ അവരുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. പ്രവർത്തനക്ഷമമല്ലാത്ത യൂണിറ്റുകളിൽ കൂടുതൽ ശ്രദ്ധ നൽകുവാനും, നിർദ്ദേശിച്ചു. ജില്ലയിൽ നിന്ന് 160 ഓളം യുവജനങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

## നവജീവൻ വോളന്റിയേഴ്സ്

കാരിത്താസ് ഇന്ത്യയും, അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയും സംയുക്തമായി ചേർന്ന് ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒരു ഓൺലൈൻ പരിശീലന ക്ലാസ് സംഘടിപ്പിച്ചു.

## തൂലിക 2021

തൂലിക 2021 ഓൺലൈൻ രചനാ മത്സരങ്ങൾ 2021 സെപ്റ്റംബർ 18 മുതൽ 23 വരെ തീയതികളിൽ നടത്തപ്പെട്ടു. കവിതാ രചന, കഥാരചന, പോസ്റ്റർ രചന, കാർട്ടൂൺ, ഉപന്യാസം, മുദ്രാവാക്യ രചന എന്നീ മത്സരങ്ങൾ നടത്തപ്പെട്ടു.

### അഭിനന്ദനങ്ങൾ



വോളിബോളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച്
ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കുന്നതിന്
സെലക്ഷൻ ലഭിച്ച എം.സി.വൈ.എം വയലത്തല
യൂണിറ്റ് അംഗം **ഷോൺ റ്റി.ജോൺ**. ന്

**പത്തനംതിട്ട രൂപതയുടെ അഭിനന്ദനങ്ങൾ...**

www.malankaralibrary.com



# മലങ്കര കാത്തലിക് അസോസിയേഷൻ

## ദൈവദാസൻ മാർ ഈവാനിയോസ് അനുസ്മരണം

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 68-ാമത് അനുസ്മരണം മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ) പത്തനംതിട്ട രൂപതാ സമിതി ആചരിച്ചു. പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ നടന്ന യോഗത്തിൽ എം.സി.എ പ്രസിഡന്റ് തോമസ് ഏബ്രഹാം അധ്യക്ഷത വഹിച്ചു. രൂപതാ വികാരി ജനറാൾ മോൺ. ഷാജി മാണികുളം അനുസ്മരണപ്രഭാഷണം നടത്തുകയും റവ. ഫാ.ജോർജ് മാത്യു, റവ.ഫാ.ഏബ്രഹാം മണ്ണിൽ, ജോജി വാഴമുട്ടം, മനോജ് തടത്തിൽ, ജോസ് മാത്യു, സജി പീടികയിൽ, ഷീജ ഏബ്രഹാം, മേരികുട്ടി ഏബ്രഹാം എന്നിവർ പ്രസംഗിക്കുകയും ചെയ്തു.



ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 68-ാമത് അനുസ്മരണം എം.സി.എ യുടെ നേതൃത്വത്തിൽ

www.malankaralibrary.com



## ജെ.ബി.കോശി കമ്മീഷൻ

പത്തനംതിട്ട രൂപതാ സമിതിയുടെ നേതൃത്വത്തിൽ ജെ.ബി കോശി കമ്മിഷന് മുൻപാകെ സമർപ്പിക്കാനുള്ള നിവേദനം തയ്യാറാക്കുന്നതിന് ആവശ്യമായ വിവരശേഖരണത്തിന് നേതൃത്വം നൽകിയ അഭിവന്ദ്യ പിതാവ്, വികാരി ജനറാൾ, വന്ദ്യ വൈദികർ, യൂണിറ്റ്, ജില്ല, രൂപതാ ഭാരവാഹികൾ, നിവേദന കമ്മിറ്റി കൺവീനർ ശ്രീമതി. ഷീജ എബ്രഹാം, ശ്രീ. പി.കെ.ജോസഫ്, ശ്രീ. ചെറിയാൻ ചെന്നീർക്കര എന്നിവരോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

## എം.സി.എ.ആദരിക്കൽ

മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ) പത്തനംതിട്ട രൂപതാ സമിതിയുടെ നേതൃത്വത്തിൽ കുമ്പഴ ജോൺ മരിയ വിയാനി ക്ലർജി ഹോമിൽ വെച്ച് ഇടവക വൈദീകരെ ആദരിച്ചു. രൂപതാ പ്രസിഡന്റ് തോമസ് ഏബ്രഹാം അധ്യക്ഷത വഹിച്ച യോഗത്തിൽ പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി. റവ. ഫാ. തോമസ് പ്ലാവിളയിൽ, റവ.ഫാ.ജോഷ്വാ ചുട്ടിപ്പാറ, റവ.ഫാ.ജോഷ്വാ താഴത്തേതിൽ, റവ.ഫാ.ജോൺ ചക്കുള്ളേടത്ത്, റവ.ഫാ.മാത്യു ആലുംമൂട്ടിൽ, റവ.ഫാ.ജോൺ കമ്പാറ, റവ. ഫാ. മാർട്ടിൻ ജോസഫ് എന്നിവരെ ആദരിച്ച ചടങ്ങിൽ റവ. ഫാ. റോബിൻ കലതിവിളയിൽ, റവ.ഫാ.ജോൺസൺ പാറക്കൽ, റവ. ഫാ. ജെയിംസ് ഇലഞ്ഞിക്കൽ, റവ. സി. ദർശന S.I.C, റവ. സി. പെട്രീഷ്യ S.I.C, K.C.F പ്രസിഡന്റ് പി.കെ.ജോസഫ്, സജി പീടികയിൽ, മാത്യു. കെ.തോമസ്, ജോസഫ് ജോർജ്, ജെയിംസ് ജോർജ് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

www.malankaralibrary.com





മരിയ വിയാനി ക്ലർജി ഹോമിൽ വെച്ച് ഇടവക വൈദികരെ ആദരിക്കുന്നു

## യാത്രയയപ്പ്

എം.സി.എ സീതത്തോട് വൈദിക ജില്ലാ ആത്മീയ ഉപദേഷ്ടാവായിരുന്ന ഫാ. ജോൺ തുണ്ടിയത്ത് OIC ക്ക് യാത്രയയപ്പ് നൽകി. ആങ്ങമൂഴി ചായൽപടി ദേവാലയത്തിൽ നടന്ന യാത്രയയപ്പു സമ്മേളനം വൈദിക ജില്ലാ വികാരി ഫാ. വർഗീസ് വിളയിൽ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ശ്രീ.സി.റ്റി.തോമസ് അധ്യക്ഷത വഹിച്ചു. ഫാ. ഫിലിപ്പോസ് ജോൺ OIC, ഭദ്രാസന ജനറൽ സെക്രട്ടറി മനോജ് തടത്തിൽ, ജില്ലാ സെക്രട്ടറി ശ്രീമതി ജോളി ജോർജ്, ട്രസ്റ്റി രാജു എബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു. MCA ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജോണച്ചന് ഉപഹാരം സമ്മാനിച്ചു. തുടർന്ന് ആങ്ങമൂഴി MCA യൂണിറ്റ് വകയായി സ്നേഹവിരുന്ന് നൽകുകയും ചെയ്തു.

## സിറിൽ മാർ ബസേലിയോസ് കാതോലിക്കോസ് വിദ്യാശ്രീ പുരസ്കാരം – 2021

K.M.R.M ഏർപ്പെടുത്തിയിരിക്കുന്ന വിദ്യാശ്രീ പുരസ്കാരത്തിന്

www.malankaralibrary.com



പത്തനംതിട്ട ഭദ്രാസനത്തിൽ സീതത്തോട് വൈദീക ജില്ലയിൽ ആങ്ങമൂഴി (ചായൽപടി) സെന്റ് തോമസ് മലങ്കര കത്തോലിക്ക പള്ളിയിൽ നിന്ന് മാസ്റ്റർ അൻസൽ മാത്യുവിനെ തെരഞ്ഞെടുത്തു. കുവൈറ്റ് മലങ്കര കാത്തലിക് അസോസിയേഷൻ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനമായി, രൂപതയിൽ നിന്ന് S.S.L.C ക്ക് ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കുന്ന ഒരു വിദ്യാർത്ഥിക്കാണ് ഈ അവാർഡ് നൽകുന്നത്. മലങ്കര കത്തോലിക്കാ സഭയിലെ പ്രഥമ കതോലിക്കാ ബാവാ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ പേരിലാണ് ഈ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. അടുത്ത പുനരൈക്യദിനത്തിൽ മാർത്താണ്ഡത്ത് വച്ച് ഈ അവാർഡ് സമ്മാനിക്കുന്നതാണ്. ഫുൾ A+ ന് പുറമെ, K.M.R.M ഏർപ്പെടുത്തിയിരിക്കുന്ന വ്യത്യസ്തങ്ങളായ മാനദണ്ഡങ്ങൾ കൂടി വിലയിരുത്തിയാണ് പത്തനംതിട്ട ഭദ്രാസന സമിതി, മാസ്റ്റർ അൻസൽ മാത്യുവിനെ തെരഞ്ഞെടുത്തതെന്ന് എം.സി.എ രൂപതാ ആത്മീയ ഉപദേഷ്ടാവ് റവ.ഫാ.ജോർജ് മാത്യു, പ്രസിഡന്റ് തോമസ് ഏബ്രഹാം, സെക്രട്ടറി മനോജ് തടത്തിൽ, ട്രഷറാർ സജി പീടികയിൽ എന്നിവർ അറിയിച്ചു.

## നേതാക്കളെ ആദരിച്ചു

എം.സി.എ. പ്രസ്ഥാനത്തിന് മികച്ച നേതൃത്വം നൽകിയ നേതാക്കളെ സഭാതല സമിതി ആദരിച്ചു. നമ്മുടെ രൂപതയിൽ നിന്നും റവ. ഫാ. ജോൺ തുണ്ടിയത്ത്, റവ.ഫാ.മാത്യു ആലുമ്മൂട്ടിൽ എന്നീ വൈദികരെയും KCF പ്രസിഡന്റ് ശ്രീ.P. K.ജോസഫ്, ശ്രീ. ചെറിയാൻ ചെന്നീർക്കര, അഡ്വ. ജോൺ എബ്രഹാം, ശ്രീ. സണ്ണി കൊട്ടാരത്തിൽ, ശ്രീ.പി. ജെ. ഗീവറുഗീസ് എന്നീ നേതാക്കളെയും ആദരിച്ചു എന്നത് നമ്മുടെ രൂപതയ്ക്ക് അഭിമാനിക്കാവുന്ന നേട്ടമാണ്.

ഈ പ്രിയ വൈദികരെയും നേതാക്കളെയും പത്തനംതിട്ട രൂപത

www.malankaralibrary.com



സമിതിയുടെ നേതൃത്വത്തിൽ അഭിനന്ദിക്കുകയും ആദരിക്കുകയും ചെയ്തു. ഓഗസ്റ്റ് മാസം 1 തീയതി ഞായറാഴ്ച 2 മണിക്ക് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തിഡ്രൽ ഹാളിൽ വച്ചു കൂടിയ അനുമോദന സമ്മേളനം അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. തുടർന്ന് നേതാക്കൾക്ക് മെമെന്റോ സമ്മാനിക്കുകയും ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. തോമസ് എബ്രഹാം അധ്യക്ഷത വഹിച്ചു. പ്രസ്തുത യോഗത്തിന് സെക്രട്ടറി മനോജ് തടത്തിൽ സ്വാഗതം ആശംസിച്ചു. റവ.ഫാ. എബ്രഹാം മണ്ണിൽ അനുമോദന പ്രസംഗം നടത്തുകയും ആദരിക്കപ്പെട്ട നേതാക്കൾ നന്ദി അറിയിക്കുകയും ചെയ്തു. ട്രഷറർ ശ്രീ. എബ്രഹാം സെബാസ്റ്റ്യൻ എല്ലാവർക്കും നന്ദി അറിയിച്ചു.



## ആഗോള അത്മായ സംഗമം

ആഗോള അത്മായ സംഗമം മാർത്താണ്ഡത്തു വച്ച് നടത്തപ്പെട്ടു. പത്തനംതിട്ട രൂപതയെ പ്രതിനിധീകരിച്ചു രൂപതാ പ്രസിഡന്റ് ശ്രീ. തോമസ് എബ്രഹാം, ശ്രീ. സജി പീടികയിൽ, വൈസ് പ്രസിഡന്റ് ശ്രീ. മാത്യു കല്ലൊടികുഴിയിൽ, സെക്രട്ടറിമാരായ ശ്രീ വിൽസൺ പാലവിള, ശ്രീ. ഷാജി.റ്റി., സീതത്തോട് ജില്ലാ പ്രസിഡന്റ് ശ്രീ. തോമസ്

www.malankaralibrary.com



സി.റ്റി, റാന്നി-പെരുനാട് ജില്ലാ ട്രഷറർ ശ്രീ. ജോർജ്ജ് യോഹന്നാൻ എന്നിവർ പങ്കെടുത്തു.



ആഗോള അത്മായ സംഗമത്തിൽ പത്തനംതിട്ട രൂപതയെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിനൊപ്പം

## വിശ്വാസധാര

### പുനഃപരീക്ഷാ

2021 ജൂലൈ 21 ന് നടത്തപ്പെട്ട 10, 12 ക്ലാസ്സുകളുടെ പരീക്ഷ എഴുതുവാൻ സാധിക്കാത്തവർക്കും പരാജയപ്പെട്ടവർക്കും വേണ്ടിയുള്ള പുനഃപരീക്ഷയും, 2021-2022 വർഷത്തെ നഴ്സറി മുതൽ ഡിഗ്രി രണ്ടാം വർഷം വരെയുള്ള ക്ലാസ്സുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷയും 2021 നവംബർ 07 ഞായറാഴ്ച നടത്തപ്പെടുന്നു.

### പരീക്ഷാ ഫലം

2021 ജൂലൈ 21 ന് നടത്തപ്പെട്ട 10, 12, ഡിഗ്രി ക്ലാസ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിജയികൾക്ക് പത്തനംതിട്ട രൂപതയുടെ അഭിനന്ദനങ്ങൾ.

www.malankaralibrary.com



# Rank Holders 2019 - 2020 & 2020 -2021

## STD X



**Sona Aji Samuel**
Oottupara
I$^{st}$ Rank
Mark : 95 Grade : A+



**Abelyne Hanna Tony**
Mylapra
II$^{nd}$ Rank
Mark : 88 Grade : A



**Prince D.Alex**
Omalloor
III$^{rd}$ Rank
Mark : 85 Grade : A

## STD XII



**Jermi Peter Varghese**
Cathedral
I$^{st}$ Rank
Mark : 98 Grade : A+



**Riya P.Reji**
Thatta
II$^{nd}$ Rank
Mark : 95 Grade : A+



**Roshni Roy**
Thekkumala
III$^{rd}$ Rank
Mark : 92 Grade : A+

## DEGREE I$^{ST}$ YEAR



**Abin Biju**
Lakkoor
Ist Rank
Mark : 91 Grade : A+



**Lincy Varghese**
Ponnambu
II$^{nd}$ Rank
Mark : 83 Grade : A



**Sini Rachel Alex**
Puthenpeedika
III$^{rd}$ Rank
Mark : 78 Grade : B+

www.malankaralibrary.com



## DEGREE II$^{ND}$ YEAR



**Kesiya Mary Joseph**
Angadickal
I$^{st}$ Rank
Mark : 86 Grade : A



**Saramma P**
Kumbazha
II$^{nd}$ Rank
Mark : 71 Grade : B+



**Jeethu Jose**
Puthenpeedika
III$^{rd}$ Rank
Mark : 67 Grade : B

## വിൻസെന്റ് ഡി പോൾ സൊസൈറ്റി

### ഓസാനം ഫെസ്റ്റ്

കേരളത്തിലെ 32 രൂപതകളിലെ ഏകോപന സമിതിയായ കെ.ആർ.സി.സി യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ ഓൺ ലൈനായി നടത്തിയ കലാ-രചനാ മത്സരങ്ങളിൽ (ഓസാനം ഫെസ്റ്റ് 2021) ഒന്നാം സ്ഥാനം നേടിയ പത്തനംതിട്ട രൂപതയിലെ വിജയികളേ യും മത്സരാർത്ഥികളേയും അഭിവന്ദ്യ പിതാവ് അനുമോദിച്ചു. പത്ത നംതിട്ട രൂപത വികാരി ജനറാൾ റൈറ്റ്.റവ.മോൺ.ഷാജി മാണികുളം, പത്തനംതിട്ട സി.സി.ആത്മീയ ഉപദേഷ്ടാവ് വെരി.റവ.ഫാ.ജോർജ്ജ് വർഗീസ് പുതുപറമ്പിൽ, വെരി.റവ.ഫാ.ഏബ്രഹാം മണ്ണിൽ എന്നിവർ പ്രസ്തുത സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.



www.malankaralibrary.com



## ട്രൈബ്യൂണൽ വാർത്തകൾ

| Prot | Petitioner/ Respondent | Desision | Date |
|---|---|---|---|
| 1. ETPTA 162/2020 | Mrs. Jency Joy<br>Mr. James T.C. | Affirmative | 28.04.2021 |
| 2. ETPTA 163/2020 | Mrs. Soji K.Raju<br>Mr. Ribu Thomas | Affirmative | 03.06.2021 |
| 3. ETPTA 164/2021 | Mrs. Lini K<br>Mr. John Mathew | Affirmative | 27.04.2021 |
| 4. ETPTA 165/2021 | Mrs. Subi Koshy<br>Mr. Abin S.Kurian | Affirmative | 02.06.2021 |
| 5. ETPTA 166/2021 | Mrs. Dayana Thomas<br>Mr. Chacko Samuel | Affirmative | 02.06.2021 |

## കുടുംബപ്രേഷിത കാര്യാലയം



പത്തനംതിട്ട രൂപതയുടെ കുടുംബപ്രേഷിത കാര്യാലയത്തെ കഴിഞ്ഞ ഏതാനം വർഷത്തോളം സ്തുത്യർഹമായ രീതിയിൽ നയിച്ച

**ബഹു. ജോൺ ജി. വടക്കേപ്പുറം അച്ചന്**

*പത്തനംതിട്ട രൂപതയുടെ പ്രാർത്ഥനാശംസകൾ*



കുടുംബപ്രേഷിത കാര്യാലയത്തിന്റെ പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന

**ബഹു. വർഗീസ് തോമസ് ചാമക്കാലായിൽ അച്ചന്**

**പത്തനംതിട്ട രൂപതയുടെ പ്രാർത്ഥനാശംസകൾ**

www.malankaralibrary.com



# സ്മരണീയ ദിനങ്ങൾ
## ഒക്ടോബർ

01. വി.കൊച്ചുത്രേസ്യാ
02. കാവൽ മാലാഖമാർ
03. അരിയോപാഗസിലെ മാർ ദിവന്നാസിയോസ്
    മലങ്കര സുറിയാനി കത്തോലിക്കാ യുവജനദിനം
04. വി.ഫ്രാൻസിസ് അസീസ്സി
    മാർ ദുമാത്തിയോസ്
05. വി.ഫൗസ്റ്റിന
07. ജപമാലത്തിരുനാൾ/മാർ സർഗീസും മാർ ബാക്കോസും
09. ഗോത്രപിതാവായ അബ്രഹാം
10. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മ (1994)
    ദാനിയേൽ നിബിയാ
11. മാർ പീലിപ്പോസ് ശെമ്മാശൻ/വി.ജോൺ 23-ാം മാർപാപ്പാ
13. മാർ കാർപ്പോസ്
15. ആവിലായിലെ വി.അമ്മത്രേസ്യാ
17. സുവിശേഷകനായ വി.ലൂക്കോസ്
20. ജോയേൽ നിബിയ
21. മാർ ഹിലാരിയോൻ/വി.ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ
23. ഹൽപെയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹാ
24. മിഷൻ ഞായർ
28. ബത്തേരി ഭദ്രാസന സ്ഥാപക ദിനം (1978)
31. കൂദോശ് ഈത്തോ ഞായർ (സഭയുടെ വിശുദ്ധീകരണം)

www.malankaralibrary.com



# ജന്മദിനാശംസകൾ

## ഒക്ടോബർ

| | |
|---|---|
| Oct 03 | Rev.Fr.Philip Kalzeckal |
| Oct 07 | Rev.Fr.Alen Chempakamamoottil |
| Oct 11 | Rev.Fr.Daniel Kozhuvakkattu |
| Oct 12 | Rev.Fr.Mathew Pezhumkoottathil |
| Oct 13 | Rev.Fr.Thomas Meppurathu |
| Oct 16 | Rev.Fr.Thomas Cheruthode |
| Oct 16 | Rev.Fr.George Kandathilparambil |
| Oct 21 | Rev.Fr.Skaria Kochumuruppel |
| Oct 23 | Rev.Fr.Geevarghese Madamannil (Saji) |
| Oct 24 | Rev.Fr.Mathew Kunnampurath |
| Oct 27 | Rev.Fr.Robin Kalathivilayil |
| Oct 28 | Rev.Fr.Thomas Malancharuvil |
| Oct 29 | Rev.Fr.Kuriakose Kuthineth |
| Oct 30 | Rev.Fr.Prince Koickal |
| Oct 31 | Rev.Dr.Sam James Vengattoor |

www.malankaralibrary.com



# ജന്മദിനാശംസകൾ

## നവംബർ

| | |
|---|---|
| Nov 02 | Rev.Fr.Mathew Kayyalackal |
| Nov 06 | Rev.Fr.Joshy John Vazhappillethu |
| Nov 07 | Rev.Fr.Varghese Vilayil |
| Nov 18 | Rev.Fr.Thomas Nedumankuzhiyil |
| Nov 20 | Rev.Fr.John Kampara |
| Nov 24 | Rev.Fr.George Mathew Thekkeputhuvelil |

## നാമഹേതുക തിരുനാൾ ആശംസകൾ

| | |
|---|---|
| Oct 10 | Rt.Rev.Daniel Kuzhithadathil Corepiscopa |
| Oct 10 | Rev.Dr.Shaji Thomas Manikulam |
| Oct 10 | Rev.Fr.Daniel Narakathinal |

www.malankaralibrary.com





# നാമഹേതുകതിരുനാൾ ആശംസകൾ

| | |
|---|---|
| Oct 10 | Rev.Fr.Prince Koickal |
| Oct 10 | Rev.Fr.Daniel Bethel |
| Oct 10 | Rev.Fr.Deny Pulivelil |
| Oct 10 | Rev.Fr.Robin Kalathivilayil |
| Oct 29 | Rev.Fr.Abraham Mannil |
| Oct 29 | Rev.Fr.Daniel Vavolimepurtahu |
| Oct 29 | Rev.Fr.Abraham Varghese Kulathumkal |
| Oct 29 | Rev.Fr.Parappallil |
| Oct 29 | Rev.Fr.Abraham Meppurtahu |

| | |
|---|---|
| Nov 01 | Rev.Fr.Alen Chempakamamoottil |
| Nov 05 | Rev.Fr.Skariah Pathalil |
| Nov 10 | Rev.Fr.Samuel Thekkekavinal |
| Nov 10 | Rev.Fr.Sijo James Charivuparampil |
| Nov 10 | Rev.Fr.Sam Kuzhipara |

www.malankaralibrary.com





# നാമഹേതുകതിരുനാൾ ആശംസകൾ

| | |
|---|---|
| Nov 11 | Rev.Fr.Martin Joseph Puthenveedu |
| Nov 14 | Rev.Fr.Philip Kaleeckal |
| Nov 14 | Rev.Fr.Philipose Charivupuryidathil |
| Nov 16 | Rev.Fr.Mathew Kayyalackal |
| Nov 16 | Rev.Fr.Mathew Alummottil |
| Nov 16 | Rev.Fr.Mathew Charivukalayil |
| Nov 16 | Rev.Fr.Mathew Puthenpurackal |
| Nov 16 | Rev.Fr.Mathew Neriattil |
| Nov 16 | Rev.Fr.Binoy Puthuparampil |
| Nov 16 | Rev.Fr.Mathew Pezhukoottathil |
| Nov 16 | Rev.Fr.Mathew Pezhummoottil |
| Nov 16 | Rev.Fr.Jemso Padayanickal |
| Nov 16 | Rev.Fr.Mathew Kollarakuzhiyil |
| Nov 16 | Rev.Fr.Mathew Kunnupurathu |

www.malankaralibrary.com



ഒക്ടോബർ 03 ന് പണികഴിപ്പിച്ച
അമലഗിരി സെന്റ് തോമസ് ദൈവാലയ
ത്തിന്റെ അഞ്ചുമുക്ക് മണിയാറിലുള്ള
ഗീവർഗീസ് സഹദായുടെ നാമത്തിൽ
പണികഴിപ്പിച്ച കുരിശ്ശടിയുടെ കൂദാശാ
കർമ്മം പത്തനംതിട്ട രൂപതാദ്ധ്യ
ക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ
ഐറേനിയോസ് മെത്രാപ്പോലീത്താ
യുടെ മുഖ്യകാർമ്മികത്വത്തിൽ കൂദാശ
നിർവഹിച്ചു



# മലങ്കര പുനരൈക്യദിനം

**2021 സെപ്റ്റംബർ 20**



www.malankaralibrary.com



# മലങ്കരയുടെ മിഷൻ ചൈതന്യത്തിന്

## പത്തനംതിട്ട രൂപതയുടെ

**ബാഷ്പാഞ്ജലികൾ...**